# ഓശാന

# HOSANNA

(രാവിലെ പ്രാർത്ഥന കഴിഞ്ഞ് പട്ടക്കാരൻ/മേൽപ്പട്ടക്കാരൻ തൂയോബൊ കഴിച്ച ശേഷം അംശവസ്ത്രം ധരിച്ച് കൂടെ ശെമ്മാശ്ശന്മാരും/ശുശ്രൂഷക്കാരും കൂടെ ആഘോഷമായ് പള്ളിയുടെ വടക്കേ വാതിൽ വഴി പുറപ്പെട്ട് പള്ളിക്ക് ചുറ്റും ഒരു പ്രദക്ഷിണം നടത്തി തെക്കേ വാതിൽ വഴി അകത്ത് പ്രവേശിക്കുന്നു.)

(After the preparation of the Thyyobo, the Celebrant, the Deacons/Acolytes while vested properly, this service is conducted. The procession starts through the north door of the Church and walking towards the west, returning into the Church through south door.)

പ്രദിക്ഷണ സമയത്ത് ചൊല്ലുവാനുള്ള സുഗീസൊ

**യേറുശലേമിലെ വന്മലമേ-ലോരുകിലെന്നേയാരേറി.**
**വരവാഹനനായ് പുരിപൂകും-പരസുതനേ ഞാൻ കാണുന്നു**
**നിബിയന്മാരുടെ തിരുനിവഹം-നടകൊള്ളുന്നു പുരോഭൂവിൽ**
**ശ്ലീഹന്മാരുടെ ദിവ്യഗണം-പിന്നണി ചേർന്നു വരുന്നല്ലോ**
**സൈത്തിൻ കൊമ്പുകളേന്തിയിതാ-പിഞ്ചുകിടാങ്ങൾ പാടുന്നു**
**ഭൂസ്വർഗ്ഗങ്ങളിലൂശാനാ!-ദാവീദാത്മജനൂശാനാ!.**
**വന്നവനും വരുവോനുമഹോ-ധന്യൻ നിഖിലേശാ സ്തോത്രം.**

Sugitho during the procession

**On top of high mountain in-Jerusalem, who did take me?**
**On donkey top moving on-to Jerusalem; I saw.**
**In front of Him, Prophets' group-behind Him are Apostles,**
**Carry olive branches children; do singing in single tone:**

**In high heavens, Hosanna-on earth indeed Hosanna.**
**To David's Son! Hosanna-blessed be He who has come**
**And also who is to come,-glory to Thee, Lord of all.**

പ്രദക്ഷിണം കഴിഞ്ഞ് പള്ളിയകത്ത് പ്രവേശിച്ച ശേഷം കുരുത്തോല വാഴ്ത്തുന്ന ക്രമം ആരംഭിക്കുന്നു.)

**പ്രാർത്ഥന**

പുരോഹിതൻ: ശുബഹോലാബോ......

പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

പുരോഹിതൻ: ദൈവമായ കർത്താവെ! ഊർശ്ലേമിലേയ്ക്കുള്ള തന്റെ പ്രവേശനത്തിന്റെ ഈ ദിവസത്തിൽ ശോഭനവസ്ത്രങ്ങളോടും ആന്തരീകശോഭയോടുംനിർമ്മലങ്ങളായ വിശുദ്ധ വിചാരങ്ങളോടും കൂടെ തന്റെ എതിരേല്പിനു പുറപ്പെടുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. മഹത്വത്തിന്റെ കൊമ്പുകളോടുകൂടി ഞങ്ങൾ അട്ടഹസിച്ചു പറയുന്നു. കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.ഉയരങ്ങളിൽ ഓശാന. ഹോ....

After the procession palms blessings starts

**PRAYER**

Celebrant: Glory be to the Father and to the Son and to the Holy Spirit now and forever.

Response: And upon us, week and sinful, may mercy and compassion come down abudantly in both worlds forever and ever.

Celebrant: O Lord God, make us worthy, to set out for Your reception into our midst on this Your day of entry into Jerusalem, with bright garbs on and with internal beauty, and pure holy thoughts. We cry aloud, while carrying the branches of glory, "Blessed is he who comes in the name of the Lord, forever and ever." Hoso.....

(51-ാം മസുമൂർ)

ദൈവമേ! തവ കൃപയിൻപ്രകാരം എന്നോടു കരുണ ചെയ്യണമേ. തിരു കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെപാപങ്ങളെ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽഎന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

തനിക്കു വിരോധമായി ത്തന്നെ ഞാൻ പാപം ചെയ്തു. തന്റെ തിരു മുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു തന്റെ വചനത്തിൽ താൻ നീതീകരിക്കപ്പെടുകയും തന്റെ ന്യായവിധികളിൽ താൻ ജയിക്കുകയും ചെയ്‌വാനായിട്ടു തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. തന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ താൻ വെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മയാകും. തന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും.എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരുആത്മാവിനെ എന്റെഉള്ളിൽ പുതുതാക്കണമേ. തന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. തവ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ.

എന്നാലോ തിരു ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രക്കാരെ തിരു വഴി പഠിപ്പിക്കും. പാപികൾ തങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെരക്ഷയായദൈവമായ ദൈവമേ! രക്തത്തിൽനിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് തിരു നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ താൻ നിരപ്പയതുമില്ല. ദൈവത്തിന്റെ

ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല

തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടു കൂടിയ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ! സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ.
ശുബഹോ...... മെനഓലം.....

Have mercy on me, God, in thy loving kindness; in the abundance of thy mercy blot out my sin. Wash me throughly from my guilt and cleanse me from my sin. For I acknowledge my fault and my sins are before me always.

Against Thee only have I sinned and done evil in thy sight, that Thou mayst be justified in Thy words and vindicated in Thy judgement.

For I was born in guilt and in sin did my mother conceive me.

But Thou takest pleasure in truth and Thou hast made known to me the secrets of Thy wisdom. Sprinkle me with Thy hyssop and I shall be clean; wash me and I shall be whiter than snow.

Give me the comfort of Thy joy and gladness, and the bones which have been humbled shall rejoice. Turn away Thy face from my sins and blot out all my faults.

Create in me a clean heart, O God, and renew Thy steadfast spirit within me. Cast not me from Thy presence and take not Thy Holy Spirit from me. But restore to me Thy joy and Thy salvation, and let Thy glorious spirit sustain me; that I may teach the wicked Thy way and sinners may return to Thee.

Deliver me from blood, O God, God of my salvation, and my tongue shall praise Thy justice. Lord, open my lips, and my mouth shall sing Thy praise.

For Thou dost not take pleasure in sacrifices; by burnt offerings Thou art not appeased. The sacrifice of God is a humble spirit, a heart that is contrite God will not despise

Do good in Thy good pleasure to Zion and built up the walls of Jerusalem.

Then shalt Thou be satisfied with sacrifices of truth and with whole burnt offerings; then shall

they offer bullocks upon Thine altar.

And to Thee belongs the praise, O God. Barekmor.

**Shubhaho.... Menaolam.....**

(എമൊദ് കിസൊ)
ഒലിവീന്തൽ തലകളെടുത്തൂശാനാ
ശിശുബാലന്മാർ പാടി കീർത്തിച്ചോൻ
ദേവാ ദയ ചെയ്തീടണമെ
ക്രൂബഗണം ഭ്രമമൊടു പേറീടുമ്പോൾ
ഗർദ്ദഭമേറീട്ടേറുശലേമാണ്ടോൻ
ദേവാ ദയ ചെയ്തീടണമെ
യേരുശലേം പുരി പൂകീടുന്നേരം
മധുരാരാവാം ശിശുഗണമർപ്പിച്ചോൻ
ദേവാ ദയ ചെയ്തീടണമെ
ഗിരിസൈത്തിൽ നിന്നേറുശലേമോളം
ശിശുബാലന്മാരോശാനാ പാടീടാം
ദേവാ ദയ ചെയ്തീടണമെ
ബാറെക്മോർ-ശുബഹോ-മെനഓലം...

വിനയത്താൽ രക്ഷയെ നൽകിയ സൂനോ!
യുവശിശു വൃദ്ധന്മാർ സ്തുതി ചെയ്വോനേ!
ദേവാ ദയ ചെയ്തീടണമെ

With olive branches
Oh Lord, who infants of boys
Praise and glorify;
Do have mercy upon us.

While cherubim do bear, Oh Lord
Donkey Thee carries
Entry on this day;
Do have mercy upon us.
From Mount Olive
Oh, Lord, whom did infants of boys
Praise up to Jerusalem
Do have mercy upon us.
Barekhmore-Subhaho-Menaolam...

Worshipped by youth, children
And the old indeed, Son and Saviour:
Do have mercy upon us.

(കുക്കിലയോൻ)

ഈശാ നാഥാ! പാരെങ്ങും തിരുനാമം മഹനീയം
ഹാലേലുയ്യ-നിന്മഹിമാവിനെഗഗനതലത്തിന്നരുളിനീ-
നീ ബാലകയുവവദനത്തിലൊരുക്കീ നിൻ സ്തുതിയെ
ഹാലേലുയ്യ-വൈരികളാമെതിരാളികൾ മായും
ബാറെക്മോർ-ശുബഹോ-മെനഓലം...

ശ്ലോമ്മോസീയോനോടറിയിക്കുന്നോനേ!-യേരുശലേമി
ൻ ശമദാതാവേ! ഉന്നത പർവ്വതമേറിപ്പൂകുകമേന്മ-
നാദമുയർത്തിക്കെല്ലോടവളോവളോടുൽഘോഷിക്ക-പ്രോക്തം
നിന്നപദാനം മഹനീയം-നീ ദൈവത്തിൻപത്തനമ
ല്ലൊ-ഇസ്രായേലിന്ന ശമനവുമന്യജനത്തിൻ തനയ
യ്ക്കനിശം ശാന്തിയതും രക്ഷയുമുദയം ചെയ്യട്ടെ.

**KUKILION**

Jesus, our God, glorified is Your name all over the world
Halleluiah-and to the firmament didst You render Your glory.
You have prepared Your glory in the mouths of the young and Youth

Halleluiah-and do the foes disappeaar
Barekhmore-Shubhaho-Menaolam...

God, who proclaims peace to Zion,-Jerusalem
To be glorified on high mount,
Strongly say and cry aloud,
About You are told things great,
You are the city of Lord,
To the gentiles' daughter
Peace and salvation divine, tranquillity to Israel
Help us Oh, Lord, and have mercy upon us.

**പ്രാർത്ഥന**

തന്റെ കല്പനയാൽ ശിശുക്കളെ ഉദരത്തിൽ രൂപപ്പെടുത്തിയവനും തന്റെ മുമ്പിൽ ഓശാന പാടി പുകഴ്ത്തുവാൻതക്കവണ്ണം അവരുടെ നാവുകളെ തന്റെ വചനംമൂലം സന്നദ്ധമാക്കിയവനും ആയ വിദഗ്ദ്ധ ശില്പിയായ കർത്താവെ! ഞങ്ങളുടെ കണ്ണുകൾക്കു മുമ്പിൽ തന്റെ വരവും ഞങ്ങളുടെ മനസ്സുകളിൽ തന്റെ പുകഴ്ചകളും താൻ രൂപപ്പെടുത്തണമെ. ഞങ്ങളുടെ സ്വരഗീതങ്ങളെ കർത്താവിന്റെ മഹിമയെ സ്തുതിച്ചു പുകഴ്ത്തുവാൻ തക്കവണ്ണം കർത്താവ് ഒരുക്കുകയും ചെയ്യണമെ. ഹോശോ...

## PRAYER

By Your commands formed the infants in the wombs, Your words prepared their tongues capable for singing Hosanna infront of Your presence. We request that kindly form before our eyes Your coming and Your praises in our minds. Please prepare our sweet sings to be able to praise Your glory, now and forever. Hoso...

**(കുക്കിലിയോൻ)**

വാഴ്ത്തുക കർത്തനെയേരുശലേമേ! -ഹാലേലുയ്യ
വാഴ്ത്തുക സീയോനേ! നിൻ ദൈവത്തെ.
ബാറെക്മോർ-ശുബഹോ-മെനഓലം...

യേരുശലേമേ! പരമാനന്ദത്തോടാഹ്ലാദിക്ക സീയോൻ തൻ പ്രിയരെ! സതതം മോദമൊടാഘോഷിക്ക-സർവ്വജനത്തെയമാളും മ്ശിഹാസേനാധീശൻ-വൈരിമദം ധ്വംസിപ്പാൻ ഗർദ്ദഭവാഹനനായെഴുന്നള്ളുന്ന കർത്താവിൻ സൃഷ്ടികളെ ദേവാധീശ നെ-വാഴ്ത്തിൻ നിത്യം വാഴ്ത്തിൻ സ്തോത്രം ചെയ്യുവിനെന്നേവം തൻ പേക്കായ് നാമാർത്തീടുന്നു. സ്തൌമെൻകാലോസ് കുറിയേ..

**Kuklion**

O you Jerusalem, praise the Lord-Halleluiah
Praise Zion! Your God
Barekhmore-Shubhaho-Menaolam...

O you Jerusalem rejoice – O you who do love Zion, rejoice and celebrate; Christ ruler of all nations and who is Lord of host, here; Does

move on the donkey mute subjugating pride of foe; You glorify, Lord of God, all deeds of the Lord most high, Cry aloud in great voice; magnitude and gratitude; You offer Him forever and ever. Staumen Kalos Kurieeleison,

## പ്രുമിയോൻ

പുരോഹിതൻ: ശുബഹോലാബോ......

പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലുംഎന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

പുരോഹിതൻ: ഉന്നതത്തിൽ സ്രോപ്പേന്മാർ കാദീശ് പാടി സ്തുതിക്കുന്ന ഉന്നതനും പ്രകൃത്യാ ശ്രേഷ്ഠനും ക്രൂബേന്മാർ പരിഭ്രമത്തോടെ ബ്രിക്കൂയീക്കോറെ പാടുകയും ശിശുക്കൾ സന്തോഷ സമേതം സ്തുതിക്കയും ചെയ്യുന്ന വാഴ്ത്തപ്പെട്ടവനും അനുഗ്രഹീതനും മാലാഖമാർ സ്തുതി അട്ടഹസിക്കുകയും തിരുവുള്ളം പോലെ പരമാത്ഥികളായ ശിശുക്കളാൽ സെഹിയോൻ വീഥികളിൽ വെച്ച് പുകഴ്ത്തപ്പെടുകയും ചെയ്ത മഹനീയനും ആയ കർത്താവിനു സ്തുതി. തനിയ്ക്കു ഈ സമയത്തും സകല പെരുനാളുകളിലും നേരങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കയിലും സ്തുതിയും ബഹുമാനവും യോഗ്യതയാകുന്നു. ബ.കുൽഹുൻ...

## Proemion

Celebrant: Let us pray to the Lord for mercy and compassion.

Response: O merciful Lord, have mercy on us and help us.

Celebrant: Glory and thanksgiving, praise and adoration and unceasing exaltation, truly at all times and hours, may we ascribe unto You, O Lord The most High for whom the Seraphim sing Holy, Holy, Holy in the heights; the most eminent by nature; and the most blessed and sanctified whom the Cherubim glorify with trembling, and the children praise with joy; and the greatest whose on the street of Zion innocent children praise according to His pleasure; to whom be glory and honour at this time of the blessing of the palms and in all festivals, and in all times and seasons, and all the days of our life, forever and ever. B'Kulhun.

### സെദറാ

തന്റെ ബഹുമാന്യതയുടെ ശക്തി ശ്രേഷ്ഠവും തന്റെ വ്യാപാരത്തിന്റെ ആഴം മഹത്തും ആയിരിക്കുന്നവനും പ്രകൃത്യാ ഉത്തമനും തന്റെ മനുഷ്യസ്നേഹം മൂലം കാരുണികനും ആയ ദൈവം തന്റെ ബഹുമാന്യതയുടെ

ആരാധനയിലേയ്ക്കു സ്വന്തസൃഷ്ടിയെ തിരികെ കൊണ്ടു വരുവാൻ വേണ്ടി വന്ന ചേൻ. രക്ഷാകരമായ തന്റെ കഷ്ടാനുഭവത്തിനു മുമ്പ് തനിക്കു വാഹനമായിട്ടു നിന്ദ്യമായ കഴുതയെ ആവശ്യപ്പെട്ടു. ഇതു പൈശാചിക മാര്ഗ്ഗഭ്രംശത്തിൽ നിന്ന് രക്ഷിക്കപ്പെട്ടു. വിജാതികളിൽ നിന്നുള്ള ജനമായ നമ്മുടെ ദൃഷ്ടാന്തത്തെ സൂചിപ്പിക്കുകയായിരുന്നു. വിശുദ്ധന്മാരായ ദീര്ഘദര്ശിമാർ ഈ പരിശുദ്ധ പെരുന്നാളിനെ വിശുദ്ധാത്മവചനങ്ങളാൽ മുൻകൂട്ടി ഉപമിച്ചു. രാജത്വം ആരുടെയാണോ അവൻ ആഗതനാകുംവരെ യിഹൂദായിൽ നിന്ന് ചെങ്കോലും അവന്റെ കാലുകളുടെ ഇടയിൽ നിന്ന് അറിയിപ്പുകാരനും നീങ്ങിപ്പോകയില്ല; ജാതികൾ അവനെ പ്രതീക്ഷിക്കും; അവൻ തന്റെ കഴുതയെ മുന്തിരിത്തണ്ടിന്മേലും തന്റെ കഴുതക്കുട്ടിയെ മുന്തിരിച്ചില്ലിമേലും ബന്ധിക്കും എന്ന്ഗോത്രത്തലവനും പ്രധാനപിതാക്കന്മാരിൽ മൂന്നാമനുമായ യാക്കോബ് മുൻ കൂട്ടി പ്രവചിച്ചു. ഇതാ നിന്റെ രാജാവ് വിനീതനായി കഴുതയുടേയും കഴുതക്കുട്ടിയുടേയും പുറത്തു കയറി നിങ്കലേക്കു വരുന്നു എന്നു പറഞ്ഞുകൊണ്ട് സ്ക്കറിയാ ദീര്ഘദര്ശി ദൈവത്തിന്റെ വിശുദ്ധ സഭയായ സെഹിയോനോട് ഈ വിശുദ്ധ ഓശാനപ്പെരുനാളിനെക്കുറിച്ച് മുൻകൂട്ടി പ്രസംഗിച്ചു. യുവാക്കളുടേയും കുട്ടികളുടേയും വായിൽ നിന്ന് കര്ത്താവിനായി സ്തുതിഒരുക്കപ്പെട്ടു എന്നു പറഞ്ഞുകൊണ്ട് ഈ പരിശുദ്ധ ഓശാനപ്പെരുനാളിനെക്കുറിച്ച് ദൈവീക ദീര്ഘദര്ശിമാരായ ദാവീദ് മുൻകൂട്ടി പാടി. ഊര്ശ്ലേമേ ഉണരുക, ഉണരുക കര്ത്താവിന്റെ ഭുജബലം ധരിക്കുകഎന്ന് ഈപരിശുദ്ധഓശാനപ്പെരുനാളിനെക്കുറിച്ച് ദീര്ഘദര്ശിമാരിൽ മഹത്വമുള്ളവനായ ഏശായ മുൻകൂട്ടി ഉൽഘോഷിച്ചു. ആകയാൽ മഹത്വങ്ങളെ ക്ഷണിച്ചു

വരുത്തുന്നതായ ഈ പെരുനാളിനെ ഞങ്ങൾ ആഘോ ഷിച്ച് സ്തുതിച്ചു കൊണ്ട് ആത്മീയാനന്ദസമേതം പറയുന്നു: പാപദാസ്യത്തിൽ നിന്നു ലോകത്തെ ഉദ്ധരിക്കുവാനായി വന്ന സ്വയം ഭൂവിൽ നിന്നുള്ള സ്വയം ഭൂവിനു ഓശാന.; അതായതു സ്തുതി. കർത്താവി ന്റെ നാമത്തിൽ വന്നവൻ വാഴ്ത്തപ്പെട്ടവൻ എന്ന് ശിശുക്കൾ ആർക്കുവേണ്ടി അട്ടഹസിച്ചുവോ ആ ദാവീദു പുത്രനു;ം ദാവീദിന്റെ നാഥനുമായിരിക്കുന്നവനു ഓശാ ന. തന്റെ വാഹനമായി എളിയ കഴുതയെ തിരഞ്ഞെടു ടുത്ത ശ്രേഷ്ഠമായ തന്റെ നിത്യതയിൽ അദൃശ്യനായ വന് ഓശാന. താഴ്മയിൽ ഞങ്ങളുടെ വർഗ്ഗത്തിന്റെ അധ പ്പതനാവസ്ഥയെ ഉയർത്തുവാൻ വേണ്ടി ശിശുക്കളാൽ സ്തുതിക്കപ്പെടതക്കവണ്ണം കൃപാപൂർവ്വം വിനീതനായവന് ഓശാന. കഴുതകുട്ടിയുടെ പുറത്ത് കയറുവാൻ മാത്രം വിനയപ്പെട്ടവന് ഓശാന. ശിശുക്കളുടെ വായിൽ നിന്ന് സ്തുതിയെ ആകർഷിച്ചു ജീവന്റെ ലക്ഷ്യസ്ഥാനമായവന് ഓശാന. വിനയംമൂലം ആകൽക്കറുസ്സായുടെ മാത്സ്യര്യ ത്തെ വിജയിച്ച പുണ്യവാനും ജേതാവുമായവനു ഓശാ ന. പുണ്യതരങ്ങളും വിശുദ്ധങ്ങളുമായ പെരുന്നാളുകളി ൽ തന്റെ സഭയെ സന്തോഷിപ്പിച്ച കാരുണ്യവാനു ഓ ശാന. രക്ഷാകരമായവ്യാപാരംമൂലം അജ്ഞാനാന്ധകാ കാരത്തെ ദുരീകരിച്ച ഉത്തമനും ദയാലുവുമായവനു ഓശാന. ശിശുക്കളുടെ വായിൽ സ്തോത്രോച്ചാരണം നൽകിയ സഹായങ്ങളുടെ അപ്രമേയ സമുദ്രത്തിനു ഓശാന. തിരുവിഷ്ടപ്രകാരം മനുഷ്യാവതാരത്തിനായി ഇറങ്ങിവന്നപ്പോഴും സർവ്വോപരിസ്ഥനായ ദൈവമെന്ന സ്ഥിതിയിൽ നിന്ന് അകലാതിരുന്ന നീതിവാനും പുണ്യവാനുമായവനു ഓശാന. പാപപതനത്തിൽ നിന്ന്

ഞങ്ങളുടെ വർഗ്ഗത്തെ ഉദ്ധരിച്ച യഥാൎത്ഥ രക്ഷാതുറമുഖമായവന് ഓശാന. ശിശുക്കളാലും കുഞ്ഞുങ്ങളാലും തന്റെ സ്തുതിയെ തയാറാക്കിയ കാരുണ്യവാനും മഹാകൃപാലുവും സത്യവാനുമായവനു ഓശാന. തന്റെ സ്നേഹിതരെ സ്വകീയമായ പ്രഭയാൽ ജ്വലിപ്പിക്കുന്ന ദഹിപ്പിക്കുന്നതും രൂപരഹിതവുമായ അഗ്നിയായവനു ഓശാന. തന്റെ ആഗമനത്തെ ദീൎഘദൎശിമാർ അറിയിച്ച ഭൂസീമകളുടെ പ്രത്യാശയായവനു ഓശാന. ശിശുക്കളേയും പൈതങ്ങളേയും നവീന സ്തുതിപാഠകന്മാരാക്കിതീൎത്തവനും സകല ശ്വാസങ്ങളുടേയും സൃഷ്ടാവുംനിൎമ്മിതാവുമായവനു ഓശാന. തന്റെ വ്യാപാരം മൂലം ലോകത്തെ ഉദ്ധരിച്ച രക്ഷിതാവിനു ഓശാന. തന്റെ ശ്രേഷ്ഠതയുടെഉന്നതത്തിലേയ്ക്കുഞങ്ങളെ ഉയൎത്തുവാൻ വേണ്ടി തിരുവിഷ്ടത്തോടെ ഇറങ്ങി വന്ന പൂൎണ്ണപിതാവിന്റെ പൂൎണ്ണ രൂപമായവനു ഓശാന. കൎത്താവിന്റെ നാമത്തിൽ വന്നവൻ വാഴ്ത്തപ്പെട്ടവൻ എന്ന് ശിശുക്കൾ ആൎക്കു വേണ്ടി അട്ടഹസിച്ചുവോ ആ പ്രകൃത്യാ പരിശുദ്ധനായവനു ഓശാന. തന്റെ വ്യാപാരം മൂലം ഞങ്ങളെ ശ്രേഷ്ഠരാക്കുവാൻ വേണ്ടി തന്റെ ശ്രേഷ്ഠതയ്ക്കു ന്യൂനത സംഭവിക്കാതെ ചെറിയവനായിതീൎന്ന വലിയവനു ഓശാന. ഞങ്ങളുടെ വംശത്തലവന്റെ കടം കരുണാപുരസ്സരം ക്ഷമിച്ചവനും കുറ്റക്കാരുടെ കടങ്ങൾ ക്ഷമിക്കുന്നവനുമായവനുഓശാന. ആരുടെ സ്തുതിയെ ശിശുക്കൾ വിസ്മയനീയമായി മുഴക്കിയോ ആ അദൃശപിതാവിന്റെ മഹത്വവും സ്വരൂപവും ആയവനു ഓശാന. ഞങ്ങളുടെ മ്ശിഹാതമ്പുരാനേ! ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ശിശുക്കളിൽ നിന്നും കുഞ്ഞുങ്ങളിൽ നിന്നും എന്നപോലെ ഞങ്ങളുടെ വായിൽ നിന്നുള്ള സ്തുതികളെ അംഗീകരിക്കണമെ. പ്രധാനാചാര്യന്മാൎക്കു ജ്ഞാന

വചനവും ആചാര്യന്മാക്ക് ധവളിമയും ശെമ്മാശ്ശന്മാക്ക് നൈമ്മല്യവും ആപ്പുദ്യക്ക്നേന്മാക്ക് പരിപാകതയും ദ യറാക്കാക്ക് സഹനശക്തിയും ധനവാന്മാക്ക് മനുഷ്യ സ്നേഹവും ദരിദ്രക്ക് ഉത്തമ സംരക്ഷണവും പള്ളികൾ ക്ക് പുകഴ്ചയും ദയറാകൾക്കു നിലനിൽപും രാജാക്ക ന്മാക്ക് ശാന്തതയും ഭടന്മാക്ക് അനുസരണവും പാ പികൾക്കു മോചനവും തെറ്റിപ്പോയവക്ക് തിരിച്ചു വര വും കോപിഷ്ഠന്മാക്ക് സമാധാനവും ശാന്തതയും സക ല വിശ്വാസികൾക്കും നല്ല പ്രത്യാശയവും പരേതക്ക് പാപപരിഹാരവും നൽകേണമെ. ഞങ്ങൾക്കും അവ ക്കും തന്റേയും തന്റെ പിതാവിന്റേയും പരിശുദ്ധറൂഹാ യുടേയും ശ്രേഷ്ഠതയുടെ മഹത്വത്തോടുകൂടി കുറ്റം കൂടാതെ നിൽക്കുവാനുള്ള ഒരുക്കവും ഇപ്പോഴും എപ്പോഴും എന്നേക്കും നൽകേണമെ. ഹോശോ.....

# SEDRO

The God whose depth of operation is great, whose might of honour is great, who is merciful because of His love for humanity, who is good by nature, came to His own to convert His creation towards the worship of His honour. He begged for a despicable donkey for ride before his redemptive sufferings and it symbolized, the people who were redeemed from diabolical wrong direction. Through the words of Holy Spirit the holy prophets analogized this festival in advance. The third among the patriarchs and the head of the scribes, Jacob predicted: until

the Royal One, the sceptre shall not be removed from Judah; and the announcer shall not be removed from in between legs. The gentiles will look for Him, and he will tie His donkey on the grapevine and His baby donkey on the branches of a grapevine. Zechariah, the prophet announced in advance to Zion, the Holy assembly, about this festival.: “Behold, your King shall comes to you in humility riding on a donkey and a baby donkey.” About this feast, the divine prophet sung in advance, Hosanna: “Praise had been prepared for the Lord in the mouths of the children and youth.” So proclaimed Isaiah, the glorious: “awake, awake, Jerusalem! Put on the might of the Lord”.

With spiritual joy we praise and glorify this feast which invited majesty and solemnly utter: to the self-existing of the self-existing, who came to redeem the world from the salvery of sin, Hosanna! To the Lord of David, to the Son of David, about whom the children cried aloud, “Blessed be the one who has come in the name of the Lord.” Hosanna! He who selected a donkey as His chariot, Hosanna! To redeem the deterioration of our race the one who became humillated in his lowliness, Hosanna! To the

one who became humillated to climb over a baby donkey, Hosanna! To the achievment of life who attracted praise from the mouths of the children, Hosanna!

The victorious and righteous one who by His humily conquered the combat of Satan, Hosanna! To the compassionate one who made His Church happy with holy and pure feasts, Hosanna! To the gracious and good one who did away with the darkness of ignorance by His redemptive operations, Hosanna! To the infinite ocean which endowed the mouth of the children with the utterance of praises, Hosanna! To the holy and righteous one who retained His transcending Godhead even after He had come down to be incarnate by His holy will, Hosanna! To the harbour of salvation which redeemed our race from sinful fall, Hosanna! To the true, merciful and graceful one, who prepared His praises through the mouths of the children and young, Hosanna! To the formless fire which burns and consumes his frineds by his own brightness, Hosanna!

To the hope of the limits of the universe who announced his coming through his prophets, Hosanna! To the creator, maker of all that breathes who turned children and young to

be his new cantors of his glory, Hosanna! To the redeemer who s aved the world by his operation, Hosanna! To the perfect image of the real Father, who by his will, came down to elevate us to the heights of his majesty, Hosanna! To the one naturally holy for whom the children cried aloud, "Blessed is he who has come in the name of the Lord." Hosanna! To the great one who became little without sacrificing his majesty, in order to upgrade our nature by his operation, Hosanna! To the one who is forgiving the debts of the criminals and had compassionately forgiven the debts of the head of our race, Hosanna! To the glory of image of the invisible Father whose praises the children cried out, Hosanna!

O Jesus Christ, our Lord and God, we beseech You, accept the praises of our mouths as those of the children and young. Grant the words of wisdom to the high priests, radiance to the priests, purity to the deacons, maturity to the subdiance, tolenrance to the monks, philanthropy to the rich, protection to the poor, exaltation to churches, security to the monasteries, meekness to the rulers, obedience to the soldiers, forgiveness to the sinners, return for the misguided, peace and meekness to the

angry, good hope to all the faithful, and remissions of sins to the departed. Grant us and them the readiness to stand before You with the glory of Your majesty and that of Your Father and of Your Holy Spirit, now and forever. Hoso.....

**(കോലൊ - കൂക്കോയൊ)**

യേരുശലേമേറുന്നോനെ-യേൽപ്പാൻ ബാലകരേ!
കല്ലുകളേന്തിച്ചെല്ലുവിനെ-ന്നോതി വൃദ്ധന്മാർ
കല്ലുകൾപേറി-ച്ചെന്നൂ പൈതങ്ങൾ
ഗിരിസൈത്തിന്മേ-ലവനെ കണ്ടപ്പോൾ
കല്ലുകൾ കൈവിട്ടൊലിവിൻകൊ-മ്പേന്തീടിസ്രായേൽ
നൃപതേ! ശാന്തി സ്വാഗതമെ-ന്നുച്ചത്തിൽ പാടി
ഹാലേലുയ്യ നിൻവരവതി ധന്യം

യേറുശലേമവനാന്നപ്പോൾ-ദിവ്യാത്മീയമതാം
വിമലസ്തുതിയാൽ വിമലസഭ-നൽകി സ്വീകരണം
സ്വാഗതമവന-ങ്ങേകാൻ കരതാരിൽ
ചില്ലികളേന്തും-പൈതങ്ങളെ വിട്ടാൾ

സ്തുതിഘോഷത്തോടവരേവം-പാടി തിരുമുമ്പിൽ
ദാവീദാത്മജനൂശാന-രക്ഷാദാതാവെ!
**ഹാലേലുയ്യ തിരുനാമം ധന്യം. ബാറെക്മോർ-ശുബ...**

സഭ ഘോഷിക്കുന്നിവനല്ലോ-വാനിൻ മണവാളൻ
ദാവീദു സുതൻ ദാവീദിൻ-നാഥൻ നിന്ദിതമാം
മൃഗമേറുന്നൂ-തിരുമുമ്പിൽ നിബിയർ
നടകൊള്ളുന്നു-ശിഷ്യഗണം പിമ്പേ

**പിഞ്ചുകിടാങ്ങൾ സൈത്തിൻകൊ-മ്പേന്തിക്കൊണ്ടാർത്തു**
ദാവീദാത്മജനൂശാനാ-ധന്യൻ രക്ഷകനെ!
        ഹാലേലുയ്യ വാനതിലൂശാന. മെനഗാലം....

യീഹൂദ്യായിൽ കർത്താവിൻ-കാലത്തുണ്ടായോ
രാശ്ചര്യ്യം മഹനീയം താൻ-ശിഷ്യന്മാരൊത്ത്
        മഹിമാവിൻതേ-രുള്ളോൻ സീനായെ
        വിറകൊള്ളിച്ചോൻ-പെരുന്നാൾ കൊണ്ടാടാൻ
ഗർദ്ദഭമേറിട്ടേറുശലേം-നഗരം പൂകുമ്പോൾ
കൈപ്പിള്ളകളൂശാനകളാൽ-പാടികീർത്തിച്ചു
        ഹാലേലുയ്യ വാനതിലൂശാനാ. മോറിയോ....

## (Kolo – Quqoyo)

**Get stones and receive the One Who comes to Jerusalem**
**Children of Israel were asked by the oldest there**
        **For receiving they picked stones and went to Him**
**On seeing Him; olive branches, instead, they carried,**
**And shouted, "Welcome the King of Israel;**
        **Halleluiah, blessed is Your coming.**

**Into Jerusalem while He entered solemnly;**
**His holy church send the children and youth**
**For His escort with hymns of Spirit- and olive branches;**
**They sing glory: "Hosanna to David's Son,**
**Blessed be Lord's name,**
**Praise the one who came for our salvation**
        **Halleluiah Your name is great, Barekmor, Shubhaho**

**His holy Church shouted, "He is heavenly groom",**
**His Lord and Son of David, climbed on the donkey,**
        **Odious indeed; moves before Him**
        **Gang of prophets, and behind Him Apostles came**
**With olive branches, children cried aloud:**
**"Hosanna to David's Son, blessed be Saviour**

**Halleluiah, Hosanna in heights." Menaolam....**

**During the days of Lord, great indeed is what happened**
**In Judea when the Lord entered for the feast**
**With disciples, carried Him by donkey-odious indeed,**
**As he enter; for whose glory was chariot, Sinai shaked,**
**Children hanging on waist of mothers raised praises**
**Halleluiah, Hosanna in above**

## എത്രൊ

കർത്താവേ ശ്രേഷ്ഠമായ സ്വർഗ്ഗത്തിലെ ഉന്നത കവാടങ്ങളും അനാദ്യന്തമായ തൻകരുണയുടെ മഹനീയ ബലിപീഠങ്ങളും തുറന്ന് ഞങ്ങളുടെ സംഘത്തിൽ നിന്ന് അഗ്നിമയന്മാരുടെ ഗണങ്ങളിലേയ്ക്കു സുഗന്ധധൂപം ഉയരുവാൻ ഇടയാകണമെ. സ്വർഗ്ഗീയരും ഭൌമീകരും രക്ഷാകരമായ പെരുന്നാൾ ആഘോഷിക്കുന്ന സകലരും ആഹ്ലാദിക്കുന്ന ഈ പെരുന്നാളിൽ ബലഹീനരും പാപികളുമായ ഞങ്ങൾ കർത്താവിന് സമർപ്പിച്ചിരിക്കുന്ന ഈ ധൂപം അംഗികരിക്കപ്പെട്ട് ഇതുമൂലം ഞങ്ങളുടെ ഉത്തമയാചനകൾക്കുപൂർണ്ണമായ മറുപടിനൽകേണമെ. കർത്താവേ! സത്യവിശ്വാസികളായ സകലരേയും കരുണയോടെ കാത്തു കൊള്ളുകയും പാപികളും കുറ്റക്കാരുമായ എല്ലാവരോടും ക്ഷമിക്കുകയും ചെയ്യണമെ. വിശ്വാസികളായ പരേതരുടെ ആത്മാക്കളെ ഇതുമൂലം ആശ്വസിപ്പിച്ചു കൊള്ളേണമെ. ഞങ്ങൾ തനിക്കും തന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ...

## ETHRO

**O** Lord, please open the great majestic heavenly door, and the glorious sancturaries of etemal mercies. From our midst let the smoke of

fragance rise to the lines of the fiery. Kindly accept this incense from we, the weak and sinful, on this feast which gives happy to the heavenly and earthly, especially to all who celebrate salutary festivals; and answer our true request. Lord, protect all the faithful by Your mercy; sanctify all sinners and debtors by this celebration; give rest to the souls of all the faithful departed. We offer praise and thanks to You, to your Holy Father and to Your Holy spirit now and always. Hoso....

**(ഹൂത്തോമൊ)**

നിന്ദ്യമായ കഴുതയുടെ പുറത്തുള്ള കയറ്റം മൂലം വെടിപ്പില്ലാത്ത ജാതികളുടെ ക്ഷണനത്തെസൂചിപ്പിക്കുകയും സൈത്തിന്റേയും ദെക്ക്‌ലായുടെയും കൊമ്പുകളുടെ പുറത്തുകൂടിയുള്ള സഞ്ചാരത്താൽ കഷ്ടതകളിന്മേലുള്ള വിജയം അവക്ക് നൽകുകയും കർത്താവിന്റെ നാമത്തിൽ വന്നവനും വരുന്നവനും എന്നുള്ള അറിയിപ്പുകാരുടെ ശബ്ദങ്ങൾ മുഖാന്തിരം ആദ്യത്തേയും അവസാനത്തേയും വരവോടൊപ്പം പുനരുത്ഥാനത്തിന്റെപ്രത്യാശ ഞങ്ങൾക്കു നൽകുകയും ചെയ്തവനും പുണ്യവാന്മാരുടെ പ്രതീക്ഷയും നീതിമാന്മാരുടെ വചനനിവർത്തിയും ആയുള്ളോവെ! ആത്മീയപറുദീസായിലെ അനശ്വരമായകൊമ്പുകൾ വഹിച്ചുകൊണ്ടു് ഈപെരുന്നാൾ അഭംഗമായി വിശുദ്ധന്മാരുടെ നിലയിൽ ആഘോഷിക്കുവാൻ ഞങ്ങൾക്കു കൃപനൽകണമെ. ഞങ്ങൾ തനിക്കും തൻ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ.....

# HUTHOMO

The promise of the words of the just and the expectation of the righteous and the One who gave us hope of resurrection by His first and last coming through the announcers of the One who had come and was to come and the One who gave them victory over sufferings by His walking over the olive branches and the palms and the One who symbolized the call of the defiled gentiles by His climbing over a despicable donkey: Grant us grace to celebrate this festival devotedly, like saints, carrying indestructible branches in the spiritual paradise. We offer praise and thanks to You, to Your Holy Father and to Your Holy Spirit now and always. Hoso...

**(മാർ യാക്കോബിന്റെ ബോവൂസ്സോ)**

ഉണ്ണികളാത്തു നാഥൻ ശുദ്ധൻ, ശുദ്ധൻ, ശുദ്ധൻ
ഗർദ്ദഭമേറീട്ടേറുശലേമേറുന്നോൻ ശുദ്ധൻ

പാടിൻ പാടിൻ പാടിൻ സ്തോത്രം ദൈവസുതന്നായ്
എന്തിന മാന്ദ്യം തൽ സ്തുതി പാടാൻ നീ നിദ്രിഷ്ടൻ

നാഥന്നേറ്റം പ്രിയമാം വിനയം പൂണ്ടു ചരിപ്പാൻ
ഈ ലോകത്തിൽ തന്നുടെ മാർഗ്ഗ; സംസ്ഥാപിച്ചാൻ.

ശ്രേഷ്ഠന്മാർ തൻ വാഹന മേല്ക്കാതതി വിനയത്താൽ
അന്യജനത്തെ ദർശിപ്പാനായി ഗർദ്ദഭമേറി.

എബ്രായമ്മാർ വരുമരചൻ തൻ വിനയം ദർശി-
ച്ചൂശാനാപ്പാട്ടാർത്തിടുവാനായ് കൊമ്പുകളേന്തി

വൃദ്ധന്മാരാവിഹിത സ്തുതിയിൽ നീരസമാണ്ടു
ആശ്ചര്യത്തോടൂശാനയ്ക്കായ് ബാലകരാഞ്ഞു.

വൃദ്ധന്മാർ തൻ കടഭാരത്തെ വീട്ടിയുവാക്കൾ
യോഗ്യമതാകും സ്തുതിയവിടേവം സംഭൃതമായി

ആഗതനീശൻ വാഴ്വുടയോനെന്നുത്തരമാർത്തു
വൻ സ്തുതിയായെഴുന്നള്ളത്തിൻ പാതമുഴങ്ങി.

താതൻ സ്തുത്യൻ നരരക്ഷയ്ക്കായ് സുതനെ വിട്ടോൻ
സീയോൻ തെരുവിൽ മൃഗമാരൂഢൻ പുത്രൻ വന്ദ്യൻ

വന്ദ്യൻ പുത്രന്നുച്ചരവത്തിൽ സ്തോത്രം പാടാൻ
ബാലന്മാരെ പ്രേരിപ്പിച്ചോൻ റൂഹാ സ്തുത്യൻ

മുമ്പിൽ നിബിയന്മാർ പിമ്പിൽ ശ്ലീഹർ ബാലന്മാരും
ഊശാനപ്പാട്ടുൽഘോഷിച്ചങ്ങവനേ വാഴ്ത്തി.

നാഥൻ ദൈവം നിന്ദ്യമൃഗത്തെ വാഹനമാക്കി
**സ്ക്കറിയായേ! നിൻമൊഴി നിറവേറി, സ്തുതി ഘോഷിക്ക.**

## SUPPLICATION OF St. JAMES OF SARUG (MAR JACOB)

Shouted out children: Holy, holy, holy
**Lord ascending Jerusalem – donkey is – indeed holy**

**Sing, Sing, Sing praise Son of God – all you praise**
**Called to praise Him, are you slow? In praising Him-praise**

**all of you**

His way –Lord prepared on earth- for his movement,
More than all –with humbleness –which pleases Him

**He did noble chariots –despise –and did reject**
**He visited – on donkey – that's nations humbly.**

With hosannas – sons of Hebrews – carried branches,
With His –deep humbleness, having seen King.

His due glory; elders became –distressed over
With hosannas –surprisingly – children praised Him

**By those youngsters, proper glory –was established,**
**Their elders had – so far denied – when they paid debts.**

**Resound on Kings' –path when cheered – great glory did**
**Innocents, "Blessed –is he Who has –come in Lord's name"**

**Glory be to –Father Who sent –Son for rescue,**
**Worship to Son – Who rode on ass – on streets in Zion.**

**In loud voice – children for praise – of Son glorious**
**Glory be to –Holy Spirit, - Who did persuade.**

**In front prophets – behind (a)'postles –with them children**
**And youths praise –Lord of Glory –with hosannas.**

**On this great day – Zechariah! –your words came true,**
**As Lord your God – rides odious donkey; - offer glory!**

**സൂമ്മോറോ**

ധന്യൻ! കർത്താവിൻ തിരുനാമത്തിൽ
വന്നോനെന്നേവം-സീയോൻ തെരു
വിൽ കുട്ടികളുൽഘോഷിച്ചു

# ZUMORO

Blessed is he Who has come
In the name of the Lord
On the streets of Zion
Shouted out children

## വായനകൾ

**ഒറൈത്തയുടെ ഒന്നാം പുസ്തകത്തിൽ നിന്നും ബാറെക്മോർ**

സൃഷ്ടികളുടെഉടയവന്നു സ്തുതിയും നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കുമുണ്ടായിരിക്കട്ടെ.

ആദ്യപുസ്തകം 49: 8-12
യെഹൂദയേ, സഹോദരന്മാർനിന്നെ പുകഴ്ത്തും; നിന്റെ കൈ ശത്രുക്കളുടെ കഴുത്തിൽ ഇരിക്കും: അപ്പന്റെ മക്കൾ നിന്റെ മുമ്പിൽ നമസ്ക്കരിക്കും. യെഹൂദാ ഒരു ബാലസിംഹം; മകനേ, നീഇരപിടിച്ച് കയറിയിരിക്കുന്നു; അവൻ കനിഞ്ഞു, സിംഹം പോലെയും സിംഹിപോലെയും പതുങ്ങിയിരിക്കുന്നു; ആർ അവനെ എഴുന്നേല്പിക്കും? അവകാശമുള്ളോൻ വരുവോളം ചെങ്കോൽ യെഹൂദയിൽ നിന്നും രാജദണ്ഡു അവന്റെ കാലുകളുടെ ഇടയിൽ നിന്നും നീങ്ങിപ്പോകയില്ല; ജാതികളുടെ അനുസരണം അവനോടു ആകും. അവൻ മുന്തിരിവള്ളിയോടു ചെറു കഴുതയേയും വിശിഷ്ട മുന്തുരിവള്ളിയോടു കഴുതകുട്ടിയേയും കെട്ടുന്നു. അവൻ വീഞ്ഞിൽ തന്റെ ഉടുപ്പും ദ്രക്ഷാരസത്തിൽ തന്റെ വസ്ത്രവും അലക്കുന്നു. അവന്റെ കണ്ണു വീഞ്ഞുകൊണ്ടു ചുവന്നും അവന്റെ പല്ല് പാലു കൊണ്ട് വെളുത്തുമിരിക്കുന്നു.

The lesson from the (first) book of Moses, the first among prophets. Barekhmor.

Glory be to the Lord of the Prophets, and His mercy be upon us for ever.

Genesis 49: 8-12
Judah, thou art he whom thy brethren shall praise; thy hand shall be in the neck of thine enemies; thy father’s children shall bow down before thee. Judah is a lion’s whelp from the prey, my son thou art gone up: he stopped them, he couched as lion, and as an old lion; who shall rose him up? The scepter shall not depart from Judah, nor a lawgiver from between his feet, until Shiloh come and unto him shall the gathering of the people be. Binding his foal unto the vine, and his ass’s colt unto the choice vine; he washed his garments in wine, and his clothes in the blood of grapes. His eyes shall be red with wine, and his teeth white with milk.

സെഖ്യാവു ദീഘ്ദൃശിയുടെ പുസ്തകത്തിൽ നിന്നും **ബാറെക്മോർ**

ദീഘ്ദൃശികളുടെ ഉടയവനു സ്തുതിയും നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കമുണ്ടായിരിക്കട്ടെ.

സെഖ്യ്യാവു 9: 9-12
സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്കുക; യെരുശലേം പുത്രിയേ, ആർപ്പിടുക! ഇതാ നിന്റെ രാജാവു നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനുമായി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു. ഞാൻ എഫ്രയീമിൽ നിന്നു രഥത്തേയും യെരുശലേമിൽ നിന്നു കുതിരയേയും ഛേദിച്ചു കളയും; പടവില്ലും ഒടിഞ്ഞു പോകും; അവൻ ജാതികളോടു സമാധാനം കല്പിക്കും; അവന്റെ ആധിപത്യം സമുദ്രം മുതൽ സമുദ്രം വെരെയും നദിമുതൽ ഭൂമിയുടെ അറ്റങ്ങളോളവും ആയിരിക്കും. നീയോ - നിന്റെ നിയമരക്തം ഹേതുവായി ഞാൻ നിന്റെ ബദ്ധന്മാരെ വെള്ളമില്ലാത്ത കുഴിയിൽ നിന്നു വിട്ടയക്കും. പ്രത്യാശയുള്ള ബദ്ധന്മാരെ, കോട്ടയിലേക്കു മടങ്ങി വരുവിൻ; ഞാൻ നിനക്കു ഇരട്ടിയായി പകരം നൽകും എന്നു ഞാൻ ഇന്നു തന്നേ പ്രസ്താവിക്കുന്നു.

The lesson from the book of the Prophet Zechariah, Barekhmor

Glory be to the Lord of the prophet, and His mercy be upon us for ever.

Zechariah 9: 9-12
Rejoice greatly, O daughter of Zion; shout, O daughter of Jerusalem;: behold, thy king cometh unto thee: he is just, and having

salvation; lowly, and riding upon an ass, and upon a colt the foal of an ass. And I will cut off the chariot from E'-phraim, and the horse from Jerusalem, and the battle bow shall be cut off: and he shall speak peace unto the heathen: and his dominion shall be from sea even to sea and from the river to the ends of the earth. As for thee also, by the blood of thy covenant I have sent forth thy prisoners out of the pit wherein is no water. Turn you to the strong hold, ye prisoners of hope: even to day do I declare that I will render double unto thee..

യെശയ്യാവു പ്രവാചകന്റെ പുസ്തകത്തിൽ നിന്നും **ബാറെക്മോർ**

പ്രവാചകന്മാരുടെ ഉടയവന്റ സ്തുതിയും നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കുമുണ്ടായിരിക്കട്ടെ.

യെശയ്യാവു 51: 9-11

യഹോവയുടെ ഭുജമേ ഉണരുക, ഉണരുക; ശക്തി ധരിച്ചു കൊൾക; പൂര്വ്വ കാലത്തും പണ്ടത്തെ തലമുറകളിലും എന്ന പോലെ ഉണരുക; രഹദ്ദിനെ വെട്ടി മഹാസര്പ്പത്തെ വെട്ടിക്കളഞ്ഞതു നീ അല്ലയോ? സമുദ്രത്തെ, വലിയ ആഴങ്ങളിലെ വെള്ളങ്ങളെ തന്നെ, വറ്റിച്ചു കളകയും വീണ്ടെടുക്കപ്പെട്ടവർ കടന്നു പോകേണ്ടതിന്നു സമുദ്രത്തിന്റെ ആഴത്തെ വഴിയാക്കുകയുംചെയ്തതു നീയല്ലയോ? യഹോയുടെ വിമുക്തന്മാർ ഉല്ലാസഘോഷത്തോടെ സീയോനിലേക്കു മടങ്ങി വരും; നിത്യാന

ന്ദം അവരുടെ തലയിൽ ഉണ്ടായിരിക്കും; അവർ ആനന്ദവും സന്തോഷവും പ്രാപിക്കും ദുഃഖവും ഞരക്കവും ഓടിപ്പോകും.

The lesson from the book of Isaiah, the glorious prophet, Barekhmor

Glory be to the Lord of Prophet, and His mercy be upon us for ever.

Isaiah 51: 9-11
Awake, Awake, put on strength, O arm of the Lord; awake as in the ancient days, in the generations of old. Art thou not that hath cut Ra-hab, and wounded the dragon? Art thou not it which hath dried the sea, the waters of the great deep; that hath made the deapths of the sea a way for the ransomed to pass over? Therefore the redeemed of the Lord shall return, and come with singing unto Zion; and everlasting joy shall be upon their head; they shall obtain gladness and joy; and sorrow and mourning shall flee away.

ഭൂവിലശേ-ഷം
ദൈവത്താൽ പ്രേരിതരായ
ശ്ലീഹന്മാർ പോയ്
ജാതികളിടയിൽ

ഭൂതലസീമയിതോളം
നല്ലേവൻ ഗേല്യോൻ
കൈക്കൊൾവോ-ക്കോക്കെയെഴും
ഭാഗ്യമിതെ-ന്നറിയിച്ചു.
സ്വർഗ്ഗമഹാ-രാജ്യം

Those Apostles
Chosen, sent by God, they went-
to ev'ry place
Through all the world,
Gentiles heard from them the news,
The Gospel grace.
They proclaimed-the kingdom,
Heav'ns rule-of freedom
For the faithful bliss.

**(വായനക്കാരൻ മദ്ബഹായുടെ നടയിൽ വടക്കു ഭാഗത്ത് പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നുകൊണ്ട് വായിക്കുന്നു)**
**[The reader while stands at the steps of the north side reading the H. Bible, as face to the westen side (to audiance)]**

**പരിശുദ്ധനായ യോഹന്നാൻ ശ്ലീഹയുടെ ഒന്നാം ലേഖന ത്തിൽ നിന്നും; ഹാബീബായ്-ബാറെക്മോർ**

പ്രതിവാക്യം: (ശ്ലീഹന്മാരുടെ) ഉടയവനു സ്തുതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ

1 യോഹന്നാൻ 2: 7-15
പ്രിയമുള്ളവരെ, പുതിയൊരു കല്പനയല്ല ആദിമുതൽ നിങ്ങൾക്കുള്ള പഴയ കല്പനയത്രെ ഞാൻ നിങ്ങൾ

എഴുതുന്നതു. ആ പഴയ കല്പന നിങ്ങൾ കേട്ട വചനം തന്നേ. പുതിയൊരു കല്പന ഞാൻ നിങ്ങൾക്കു എഴുതുന്നു എന്നും പറയാം. അതു അവനിലും നിങ്ങളിലും സത്യമായിരിക്കുന്നു; ഇരുട്ടു നീങ്ങിപ്പോകുന്നു; സത്യ വെളിച്ചം ഇതാ പ്രകാശിക്കുന്നു. വെളിച്ചത്തിൽ ഇരിക്കുന്നു എന്നു പറകയും സഹോദരനെ പകക്കയും ചെയ്യുന്നവൻ ഇന്നെയോളം ഇരുളിൽ ഇരിക്കുന്നു. സഹോദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നു, ഇടർച്ചെക്കു അവനിൽ കാരണമില്ല. സഹോദരനെ പകെക്കുന്നവനോ ഇരുട്ടിൽ ഇരിക്കുന്നു; ഇരുട്ടിൽ നടക്കയും ചെയ്യുന്നു. ഇരുട്ട് അവന്റെ കണ്ണ്കുരുടാക്കുകയാൽ എവിടേക്കു പോകുന്നു എന്ന് അവൻ അറിയുന്നില്ല. കുഞ്ഞുങ്ങളേ, നിങ്ങൾക്കു അവന്റെ നാമം നിമിത്തം പാപങ്ങൾ മോചിച്ചിരിക്കയാൽ ഞാൻ നിങ്ങൾക്കു എഴുതുന്നു. പിതാക്കന്മാരെ, ആദിമുതലുള്ളവനെ നിങ്ങൾ അറിഞ്ഞിരിക്കയാൽ നിങ്ങൾക്കു എഴുതുന്നു. ബാല്യക്കാരേ, നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാൽ നിങ്ങൾക്കു എഴുതുന്നു. കുഞ്ഞുങ്ങളെ നിങ്ങൾ പിതാവിനെ അറിഞ്ഞിരിക്കയാൽ ഞാൻ നിങ്ങൾക്കു എഴുതിയിരിക്കുന്നു. പിതാക്കന്മാരെ, ആദിമുതലുള്ളവനെ നിങ്ങൾ അറിഞ്ഞിരിക്കയാൽ ഞാൻ നിങ്ങൾക്കു എഴുതിയിരിക്കുന്നു. ബാല്യക്കാരേ നിങ്ങൾ ശക്തരാകയാലുംദൈവവചനം നിങ്ങളിൽ വസിക്കയാലും നിങ്ങൾ ദുഷ്ടനെജയിച്ചിരിക്കയാലും ഞാൻ നിങ്ങൾക്കു എഴുതിയിരിക്കുന്നു. ലോകത്തേയും ലോകത്തിലുള്ളതിനേയും സ്നേഹിക്കരുത്. ഒരുവൻലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല.

വായന തീർന്നാലുടനെ: ഹാബീബായ്-ബാറെക്മോർ

**The First Epistle of St John Habibai, Barekhmor**

Response: Glory be to the Lord of the Apostles,
and His mercy be upon us-for ever.

St, John 2: 7-15
Brethren, I write no new commandment to you, but an old commandment which you have had from the begining. The old commandment is the word which you heard from the begining. Again, a new commandment I write to you, which thing is true in Him and in you, because the darkness is passing away, and the true light is already shining. He who says he is in the light, and hates his brother, is in darkness until now. He who loves his brother abides in the light, and there is no cause for stumbling in him. But he who hates bis brother is in darkness and walks in darkness, and does not know where he is going, because the darkness has blinded his eyes. I write to you, little children, because your sins are forgiven you for His name's sake. I write to you, fathers, Because you have known Him who is from the begining. I write to you, young men, Because you have overcome the wicked one. I write to you, little children, becuase you have known the Father. I have written to you, fathers, Because you have

known Him who is from the begining. I have written to you, young men, Because you are strong, and the world of God abides in you, and you have covercome the wicked one. Do not love the world or the things in the world. If anyone loves the world, the love of the Father is not in him.

While the reading finishes say: Habibai, Barekhmor

പൗ-ലോസ് ശ്ലീഹാ-ധന്യൻ ചൊൽ
കേട്ടേ-നിതേ-വം
നിങ്ങളെ ഞങ്ങളറീച്ചതൊഴി-
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമാദൂതൻ
താനേൽക്കും സഭയിൻ ശാപം
പലതരമുപദേശങ്ങളഹോ
പാരിൽ മുളച്ചു പരക്കുന്നു
ദൈവത്തിന്നുപദേശം തൊ-
ട്ടവസാനിപ്പിപ്പോൻ ധ-ന്യൻ

Paul the blessed-
Saint, the Lord's Apostle, said
If one come to preach to you
Other doctrine than we know,
Be he man or angel bright,
Curs'd be he in Churchs sight;
Doctrines all diverse arise,
Shooting up with first and last
Trusts God's truth and holds it fast.

വായനക്കാർ: (മദ്ബഹയുടെ നടയിൽ തെക്കുഭാഗത്തു പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നുകൊണ്ട് പൌലോസ്ശ്ലീഹായുടെ ലേഖനം വായിക്കുന്നു)
**[The reader while stands at the steps of the south side reading the H. Bible, as face to the westen side (to audiance)]**

**വായനക്കാർ: പൗലോസ്ശ്ലീഹാ റോമക്ക് എഴുതിയ ലേഖനത്തിൽ നിന്നും : ആഹായ്-ബാറെക്മോർ.**

**പ്രതിവാക്യം: ശ്ലീഹായുടെ ഉടയവനു സ്തുതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ**

റോമർ 11: 3-24
അവൻ യിസ്രായേലിന്നുവിരോധമായി: "കർത്താവേ, അവർ നിന്റെ പ്രവാചകന്മാരെ കൊന്നു നിന്റെ യാഗപീഠങ്ങളെ ഇടിച്ചു കളഞ്ഞു; ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു; അവർ എനിക്കും ജീവഹാനി വരുത്തുവാൻ നോക്കുന്നു" എന്നു ദൈവത്തോടു വാദിക്കുമ്പോൾ അവന്നു അരുളപ്പാടു ഉണ്ടായതു എന്തു? "ബാലിന്നു മുട്ടുകുത്താത്ത ഏഴായിരം പേരെ ഞാൻ എനിക്കായി ശേഷിപ്പിച്ചിരിക്കുന്നു" എന്നു തന്നേ. അങ്ങനെ ഈ കാലത്തിലും കൃപയാലുള്ള തിരഞ്ഞെടുപ്പിൻപ്രകാരം ഒരുശേഷിപ്പു ഉണ്ടു, കൃപയാൽ എങ്കിൽ പ്രവൃത്തിയാലല്ല; അല്ലങ്കിൽ കൃപയല്ല ആകയാൽ എന്തു? യിസ്രായേൽ താൻ തിരഞ്ഞതു പ്രാപിച്ചില്ല; തിരഞ്ഞെടുക്കപ്പെട്ടവർ അതു പ്രാപിച്ചു; ശേഷമുള്ളവരോ കഠിനപ്പെട്ടിരിക്കുന്നു.

ദൈവം അവർക്കു ഇന്നുവെരെയും ഗാഢനിദ്രയും കാണാത്ത കണ്ണും കേൾക്കാത്ത ചെവിയും കൊടുത്തു" എന്നു എഴുതിയിരിക്കുന്നുവല്ലോ. അവരുടെ മേശ അവർക്കു കണിയും കടുക്കും ഇടർച്ചയും പ്രതികാരവുമായിത്തീരട്ടെ; അവരുടെ കണ്ണു കാണാത്തവണ്ണം ഇരു

ണ്ടു പോകട്ടെ; അവരുടെ മുതുകു എല്ലായ്പ്പോഴും കൂനിയിരിക്കേണമെ.'' എന്നു ദാവീദു പറയുന്നു. എന്നാൽ അവർ വീഴേണ്ടതിന്നോ ഇടറിയതു എന്നു ഞാൻ ചോദിക്കുന്നു. ഒരുനാളും അല്ല; അവൎക്കു എരിവു വരുത്തുവാൻ അവരുടെ ലംഘനം ഹേതുവായി ജാതികൾക്കു രക്ഷ വന്നു എന്നേയുള്ളു. എന്നാൽ അവരുടെ ലംഘനം ലോകത്തിന്നു ധനവും അവരുടെ നഷ്ടം ജാതികൾക്കു സമ്പത്തും വരുവാൻ കാരണമായി എങ്കിൽ അവരുടെ യഥാസ്ഥാനം എത്ര അധികം?

എന്നാൽ ജാതികളായ നിങ്ങളോടു ഞാൻ പറയുന്നതു: ജാതികളുടെ അപ്പൊസ്തലനായിരിക്കയാൽ ഞാൻ എന്റെ സ്വജാതിക്കാൎക്കു വല്ല വിധേനയും സ്പൎദ്ധ ജനിപ്പിച്ചു, അവരിൽചിലരെ രക്ഷിക്കാമെങ്കിലോ എന്നു വെച്ചു തന്നേ ഞാൻ എന്റെ ശുശ്രൂഷയെ പുകഴ്ത്തുന്നു. അവരുടെ ഭ്രംശം ലോകത്തിന്റെ നിരപ്പിന്നു ഹേതുവായി എങ്കിൽ അവരുടെ അംഗീകരണം മരിച്ചവരുടെ ഉയൎപ്പിനല്ലാതെ എന്താകും? ആദ്യഭാഗം വിശുദ്ധമെങ്കിൽ പിണ്ഡം മുഴുവനും അങ്ങിനെ തന്നേ; അവർ വിശുദ്ധം എങ്കിൽ കൊമ്പുകളും അങ്ങിനെതന്നേ. കൊമ്പുകളിൽ ചിലതു ഒടിച്ചിട്ടു കാട്ടൊലിവായ നിന്നെ അവരുടെ ഇടയിൽ ഒട്ടിച്ചു ചേൎത്തു. ഒലിവു മരത്തിന്റെ ഫലപ്രദമായ വേരിന്നു പങ്കാളിയായിത്തീൎന്നു എങ്കിലോ, കൊമ്പുകളുടെ നേരേ പ്രശംസിക്കരുതു; പ്രശംസിക്കുന്നു എങ്കിൽ നീ വേരിനെ അല്ല വേർ നിന്നെയത്രേ ചുമക്കുന്നു എന്നു ഓൎക്ക. എന്നാൽ എന്നെ ഒട്ടിക്കേണ്ടതിന്നു കൊമ്പുകളെ ഒടിച്ചു കളഞ്ഞു എന്നു നീ പറയും. ശരി അവിശ്വാസത്തൽ അവ ഒടിഞ്ഞുപോയി; വിശ്വാസത്താൽ നീ നിൽക്കുന്നു; ഞെളിയാതെ ഭയപ്പെടുക. സ്വഭാവിക കൊമ്പുകളെ ദൈവം ആദരിക്കതെ പോയെങ്കിൽ

നിന്നെയും ആദരിക്കാതെ വന്നേക്കും. ആകയാൽ ദൈവത്തിന്റെ ദയയും ഖണ്ഡിതവും കാൺക; വീണവരിൽ ദൈവത്തിന്റെ ഖണ്ഡിതവും; നിന്നിലോ നീ ദയയിൽ നില നിന്നാൽ ദയയും തന്നേ; അല്ലങ്കിൽ നീയും ഛേദിക്കപ്പെടും. അവിശ്വാസത്താൽ നിലനിൽക്കാഞ്ഞാൽ അവരെയും കൂടെ ഒട്ടിക്കും; അവരെ വീണ്ടും ഒട്ടിപ്പാൻ ദൈവം ശ ക്തനല്ലോ. സ്വഭാവത്തിൽ കാട്ടുമരമായതിൽ നിന്നു നിന്നെ മുറിച്ചെടുത്തു സ്വഭാവത്തിന്നു വിരോധമായി നല്ല ഒലിവുമരത്തി ൽ ഒട്ടിച്ചു എങ്കിൽ, സ്വഭാവിക കൊമ്പുകളായവരെ സ്വന്തമായ ഒലിവു മരത്തിൽ എത്ര അധികമായി ഒട്ടിക്കും.

വായനക്കാർ: വായന കഴിഞ്ഞാലുടനെ: ആഹായ്-**ബാറെക്മോർ.**

**Reader: The lesson from the Epistle of St. Paul, theApostle, to the Romans Ahai Barekhmor.**

Response: Praise be to the Lord of Apostle, and His mercy be upon us for ever

Romans 11: 3-24

“Lord, they have killed Your prophets and torn down Your altars, and I alone am left, and they seek my life”? But what does the divine response say to him? “I have reserved for Myself seven thousnd men who have not bowed the knee to Ball.” Even so then, at this present time there is a remnant according to the election of grace. And if by grace, then it is no longer of works; otherwise grace is no longer grace;

otherwise work is no longer work. What then? Israel has not obtained what it seeks; but the elect have obtained it, and the rest were blinded. Just as it is written: “God has given them a spirit of stupor, Eyes that they should not see And ears that they should not hear, To this very day.”

And David says: “let their table become a snare and a trap, A stumbling block and a recompense to them. Let their eyes be darkened, so that they do not see, And bow down their back always.” I say then, have they stumbled that they should fall? Certainly not! But through their fall, to provoke them to jealousy, salvation has come to the Gentilies. Now if their fall is riches for the world, and their failure riches for the Gentiles, how much more their fullness! For I speak to you Gentiles; in as much as I am an apostle to the Gentiles, I magnify my ministry, if by any means I may provoke to jealousy those who are my flesh and save some of them. For if their being cast away is the reconciling of the world, what will their acceptance be but life from the dead? For if the firstfruit is holy, the lump is also holy and if the root is holy, so are the branches. And if some of the branches were broken off, and you,

being a wild olive tree, were grafted in among them, and with them became partaker of the root and fatness of the olive tree, do not boast against the branches. But if you do boast, remember that you do not support the root, but the root supports you. You will say then, "Branches were broken off that I might be grafted in." Well said. Because of unbelief they were broken off, and you stand by faith. Do not be haughty, but fear. For if God did not spare the natural branches. He may not spare you either. Therefore consider the goodness and severity of God: on those who fell, seven; but toward you, goodness. Otherwise you also will be cut off. And they also, if they do not continue in unbelief, will be grafted in, for God is able to graft them in again. For if you were cut out of the olive tree which is wild by nature, and were grafted contrary to nature into a cultivated olive tree, how much more will these, who are natural branches, be grafted into their own olive tree.

Reader: Ends the lesson while saying: Ahai Barekhmor.

**[പെത്ഗോമൊ]**

**ഹാലേലുയ്യ-ഉ-ഹാലേലുയ്യ എന്നെന്നും ഞാൻ**
**ദേവാഗാരത്തിൽ-മേന്മയെഴും സൈത്തിന്നൊത്തോനാം ഹാലേ**

ശെമ്മാശ്ശൻ/ശുശ്രൂഷക്കാരൻ: ബാറെക്മോർ. നാം അടക്കത്തോടും ഭയത്തോടുംവണക്കത്തോടും ചെവികൊടുത്ത് നമ്മുടെമുമ്പാകെവായിക്കപ്പെടുന്ന നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ, ദൈവത്തിൻെറ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

പുരോഹിതൻ: **(സഭാ വിശ്വാസികളെ അഭിമുഖീകരിച്ചു നിന്നുകൊണ്ട്)**
**+ നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.**

പ്രതിവാക്യം: അവിടുത്തെ ആത്മാവിനോടുകൂടെ-ദൈവമായ കർത്താവു ഞങ്ങളേയും യോഗ്യരാക്കിത്തീർക്കുമാറാ-കട്ടെ.

**പുരോഹിതൻ:** ജീവൻ നൽകുന്ന (പ്രസംഗമായ) നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധഏവൻഗേലിയോൻ, ലോകത്തിനു ജീവനും രക്ഷയും പ്രഘോഷിക്കുന്ന പ്രസംഗകനായ മർക്കോസ് സുവിശേഷകനിൽ നിന്ന്.

പ്രതിവാക്യം: വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു-നമ്മുടെ രക്ഷയ്ക്കായ് തന്നെ അയച്ചവനു സ്തുതികളും-നാം എല്ലാവരുടെയും മേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടാ യിരിക്കട്ടെ.

**പുരോഹിതൻ:** വിശുദ്ധ കന്യകമറിയാമ്മിൽ നിന്നു ശരീരിയായിത്തീർന്ന ദൈവവും, ജീവന്റെ വചനവും നമ്മുടെ രക്ഷകനുമായ കർത്താവേശുമ്ശിഹായുടെ വ്യാപാരകാലത്ത് ഇവ ഇപ്രകാരം സംഭവിച്ചു.
പ്രതിവാക്യം: അങ്ങനെ ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു.

## ഏവൻഗേലിയോൻ

വി. മർക്കോസ് 11: 1-18
യേശു സൈത്തു പർവ്വതത്തിനു സമീപമുള്ള ബെത്പം ഗെയും ബെത്അനിയായും വരെ ഊർശ്ലേമിനെ സമീപി ച്ചപ്പോൾ, തന്റെശിഷ്യന്മാരിൽ രണ്ടുപേരെ അയയ്ക്കുയും അവരോടു ഇപ്രകാരം പറയുകയും ചെയ്തു. "നമ്മുടെ നേരെയുള്ള ഗ്രാമത്തിലേക്കു പോകുവിൻ, നിങ്ങൾ അ തിൽ പ്രവേശിക്കുന്നയുടൻ ഒരു കഴുത കുട്ടിയെ കെട്ടി യിരിക്കുന്നതു കാണും. ഇതുവെരെയും ഒരുമനുഷ്യനും അതിന്റെ പുറത്തു കയറിയിട്ടില്ല. നിങ്ങൾ അതിനെ അ ഴിച്ചുകൊണ്ടുവരുവീൻ, "നിങ്ങൾ എന്തിന് ഇതു ചെയ്യു ന്നു" എന്നു ആരെങ്കിലും ചോദിച്ചാൽ "ഞങ്ങളുടെ ക ർത്താവിനു അതിനെ ആവശ്യമുണ്ടു" എന്നു പറയുവി ൻ. ഉടനെ അവർ അതിനെ ഇവിടേയ്ക്കു വിട്ടയയ്ക്കും." അ വർ പോയി, തെരുവിൽ-പുറത്തു-വാതിൽക്കൽ കെട്ടി യിരിക്കുന്ന കഴുതക്കുട്ടിയെ കണ്ടു. അതിനെ അഴിക്ക വേ അവിടെ നിന്നവരിൽ ചിലർ "നിങ്ങൾ കഴുത ക്കുട്ടിയെ അഴിക്കുന്നതു എന്തിന്" എന്നു ചോദിച്ചു.
അവർ യേശു കല്പിച്ചപ്രകാരം അവരോടു പറഞ്ഞു. അപ്പോൾ അവർ സമ്മതിച്ചു. അനന്തരം അവർ കഴുതക്കുട്ടിയെ യേശുവിന്റെ അടുക്കൽ കൊണ്ടു വന്നു. അതിന്റെ പുറത്തു അവർ തങ്ങളുടെ വസ്ത്ര ങ്ങളെ വിരിക്കയും യേശു അതിന്മേൽ കയറുകയും ചെയ്തു. പലരും തങ്ങളുടെ വസ്ത്രങ്ങൾ വഴിക്കു വിരിച്ചു. ചിലർ വൃക്ഷങ്ങളിൽ നിന്ന് ചെറുശാഖകൾ വെട്ടിയെടു ത്ത് വഴിയിൽ വിതറി. അദ്ദേഹത്തിന്റെ മുമ്പേയും പുറകേയും ഉള്ളവർ ഇപ്രകാരം ആർത്തു വിളിച്ചു പറഞ്ഞു:

ഓശാനാ-ധന്യൻ കർത്താവിൻ നാമ
ത്തിൽ വരുവോൻ-ധന്യം കർത്താവിൻ
തിരുനാമത്തിൽ വന്നീടും-പിതൃ ദാ
വീദിൻ രാജ്യം-വാനിൽ ശാന്തി!
സ്തുതി സ്വർഗ്ഗത്തിൽ! സ്വർഗ്ഗങ്ങളിലൂശാനാ!

യേശു ഊർശ്ലേമിൽ-ദേവാലയത്തിൽപ്രവേശിച്ച് സർവ്വവും കണ്ടു സന്ധ്യാ സമയമായപ്പോൾ അദ്ദേഹം പന്ത്രണ്ടു പേരോടുകൂടി ബെത്അനിയോയിലേയ്ക്കു പോയി. പിറ്റെ ദിവസം ബെത്അനിയോയിൽ നിന്ന് പോരുമ്പോൾ അദ്ദേഹത്തിന്നു വിശന്നു. ഇലകൾ ഉള്ളതായ ഒരു അത്തി വൃക്ഷം ദൂരെ കണ്ടിട്ട് ഇതിൽ വല്ലതും കണ്ടേക്കാം എന്നു വെച്ച് അതിന്റെ അടുക്കൽ ചെന്നു. അപ്പോൾ ഇലകളല്ലാതെ അതിൽ ഒന്നും കണ്ടില്ല എന്തെന്നാൽ അതു അത്തിപഴത്തിന്റെ കാലമല്ലായിരുന്നു. അദ്ദേഹം അതിനോടു "ഇനി എന്നേക്കും ഒരുവനും നിന്നിൽ നിന്ന് ഫലം ഭക്ഷിക്കാതിരിക്കട്ടെ" എന്നു പറഞ്ഞു. ശിഷ്യന്മാർ അതു കേട്ടു. പിന്നെ അവർ ഊർശ്ലേമിൽ ചെന്നു. യേശു ദേവാലത്തിൽ പ്രവേശിച്ച് അവിടെ ക്രയവിക്രയംചെയ്തുകൊണ്ടിരുന്നവരെ പുറത്തിറക്കുവാൻ തുടങ്ങി. നാണയം മാറുന്നവരുടെ മേശകളേയും പ്രാവുകളെ വിൽക്കുന്നവരുടെ പീഠങ്ങളേയും മറിച്ചിട്ടു. ദേവാലയത്തിനകത്തു കൂടി ഒരുവനും സാമാനങ്ങൾ കടത്തികൊണ്ടു പോകുവാൻ അദ്ദേഹം സമ്മതിച്ചില്ല. അദ്ദേഹം ഉപദേശിച്ചുകൊണ്ടു പറഞ്ഞു. എന്റെ ഭവനം സകല ജനങ്ങൾക്കും പ്രാർത്ഥനാഭവനമെന്ന് വിളിക്കപ്പെടു" മെന്ന് എഴുതിയിരിക്കുന്നില്ലയോ. എന്നാൽ നിങ്ങളാകട്ടെ അതിനെ കള്ളന്മാരുടെ ഗുഹയാക്കിതീർത്തിരിക്കുന്നു." പ്രധാനാചാര്യന്മാരും ശാസ്ത്രാദ്ധ്യാപകന്മാരും അതു കേട്ടിട്ട് അദ്ദേഹത്തെ എങ്ങിനെ ഹനിക്കേണ്ടു

എന്നാരാഞ്ഞു. എന്തെന്നാൽ ജനങ്ങളെല്ലാം അദ്ദേഹ ത്തിന്റെ ഉപദേശത്തിൽ വിസ്മയിച്ചിരുന്നതുകൊണ്ട് അ വർ അദ്ദേഹത്തെ ഭയപ്പെട്ടാണിരുന്നത്.

പുരോഹിതൻ: (ഏവൻഗേലിയോൻ വായിച്ചു കഴിഞ്ഞിട്ട്)

നിങ്ങൾക്കെല്ലാവക്കും സംപ്രീതി ഉണ്ടായിരിക്കട്ടെ.

[Pethegomo]

Halleluiah and Halleluiah
Like a glorious olive shall I be
Forever, in God's house, Halleluiah

Deacon/Altar Asst.: With calmness and reverence and with sober minds, let us give heed, and listen to the Gospel of the living words of God, in the Holy Evangelion of our Lord Jesus Christ, that is read to us.

## EVANGELION

Celebrant: [While faciing to the audiance)
+ Peace be-to-you—all.

Response: And with thy spirit

Celebrant:: The Holy Gospel of our Lord Jesus Christ, life giving proclamation from St. Marks the preaching Evangelist, who publishes good tidings of life and redemption to the world.

Response: Blessed is He, who has come and is to come; Praise be to Him, who sent Him for oursalvation, and His mercy be upon us all-for ever.

Celebrant: Now in the time of dispension of our Lord and Our God and our Redemer Jesus Christ, the word of life. God who had taken flesh of the Holy Virgin Mary, these things thus came to pass.

Response: We believe and confess.

St. Mark 11: 1-18
Now when they drew near Jerusalem, to Bethphage and Bethany, at the Mount of Olives, He sent two of His disciples; and He
said to them, "Go into the village opposite you; and as soon as you have entered it you will find a colt tied, on which no one has sat. Loose it and bring it. "And if anyone says to you
"Why are you doing this?" say, The Lord has need of it, and immediately he will sent it here.

So they went their way, and found the colt tied by the door out side on the street, and they loosed it. But some of those who stood there said to them, "What are you doing, loosing the

colt?” And they spoke to them just as Jesus had commanded. So they let them go.

Then they brought the colt to Jesus and threw clothes on it, and He sat on it. And many spread their clothes on the road, and others cut down leafy branches from the trees and spread them on the road. Then those who went before and those who followed cried out, saying

“Hosanna!

“Blessed is He who come in the name of the Lord!”

Blessed is the kingdom of our father David

That comes in the name of the Lord!

Hosanna in the highest!”

And Jesus went into Jerusalem and into the temple. So when He had looked around at all things, as the hour was already late, he went out to Bethany with the twelve.

Now the next day, when they had come out from bethany, he was hungry. And seeing from afar a fig tree having leaves, he went to see if perhaps He would find something on it. When He came to it, he found nothing but leaves, for it was not the season for figs. In response Jesus said to it, “Let no one eat fruit **from you ever again.” And His disciples heard it.**

So they came to Jerusalem. Then Jesus went into the temple and began to drive out those who bought and sold in the temple, and over turned the tables of the money changers and the seats of those who sold doves. And He would not allow any one to carry wares through the temple. Then he taught, saying to them,
"Is it not written, 'My house shall be called a house of prayer for all nations'? But you have made it a den of thieves."

And the scribes and chief priests heard it and sought how they might destroy Him; for they feared Him, because all the people were astonished at His teaching..
Celebrant: (H. Gospel ends saying) + Peace (Concord) be-to you-all.

## ലുത്താനിയാ

നാമെല്ലാവരും ഉത്സാഹപൂർവ്വം നന്നായി നിന്നുകൊണ്ടു് ദൈവത്തിനു പ്രീതികരമായ ശബ്ദത്തിൽ കുറിയേലായിസ്സോൻ എന്ന് ഏറ്റു ചൊല്ലണം.

ആകാശത്തിൽ ഒതുങ്ങാത്തവനായിരിക്കെ വിനയപൂർവ്വം കഴുതക്കുട്ടിയുടെ പുറത്തു ഉപവിഷ്ഠനായ ഞങ്ങളുടെ മ്ശിഹാ തമ്പുരാനേ! തന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു:
കുറിയേലായിസ്സോൻ

സംസാരശക്തിയില്ലാത്ത കഴുതയുടെ പുറത്ത് ശാരീരി കമായികയറി ജാതികളുടെ അനുസരണത്തെ മുൻകൂട്ടി സൂചിപ്പിച്ചവനേ!തന്നോടുഞ്ഞങ്ങൾ അപേക്ഷിക്കുന്നു:
കുറിയേലായിസ്സോൻ

ഞങ്ങളുടെപിതാക്കന്മാരുടെ വിശ്വാസഹീനതയ്ക്കെതിരാരായി സമർത്ഥമായി സ്തുതി പാടത്തക്കവണ്ണം അവ്യക്തമായി സംസാരിക്കുന്ന നാവുകളെ സജ്ജീകരിച്ചവനേ! തന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു:
കുറിയേലായിസ്സോൻ

പ്രീശന്മാർ ഒരു വഞ്ചകനെപ്പോലെ പീഢിപ്പിക്കുകയും ശിശുക്കൾ ദൈവത്തെപ്പോലെ സ്തുതിക്കയും ചെയ്തവനേ! തന്നോടു ഞ ങ്ങൾ അപേക്ഷിക്കുന്നു:
കുറിയേലായിസ്സോൻ

ശിശുക്കളുടെ അപൂർണ്ണങ്ങളായ നാവുകളാൽ തനിക്കായി പരിപൂർണ്ണ സ്തുതി തയാറാക്കിയവനേ! തന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു:
കുറിയേലായിസ്സോൻ

അഗ്നിമയന്മാരുടെ സേനകളാൽ ഭയത്തോടും പരിഭ്രമത്തോടും കൂടി വന്ദിക്കപ്പെടുന്നവനും ശിശുക്കളാലും പൈതങ്ങളാലുംപരമാർത്ഥതയോടെ സ്നേഹപൂർവ്വം സ്തുതിതിക്കപ്പെടുന്നവനും ആയുള്ളോവേ! തന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു:
കുറിയേലായിസ്സോൻ

സർവ്വലോകത്തിന്റേയും നിരപ്പിനുംസമാധാനത്തിനും വേ

ണ്ടിയും ഞങ്ങളുടെ പിതാക്കന്മാരും സൗഭാഗ്യശാലിക ളും പാത്രിയർക്കീസന്മാരുമായ ആബൂൻ മാർ ഇഗ്നാത്തി യോസിൻ്റ വേണ്ടിയും മാർ ബസോലിയോസിൻ്റ വേ ണ്ടിയും മാർ ഗ്രീഗോറിയോസിൻ്റ വേണ്ടിയും ഞങ്ങളു ടെ മേൽപ്പട്ടക്കാരൻ മാർ ........ വേണ്ടിയും സത്യവിശ്വാ സികളായ ശേഷം സകലഎപ്പിസ്ക്കോപ്പന്മാർക്ക് വേണ്ടി യും ദൈവമാതാവായ പരിശുദ്ധ മറിയാമ്മിൻ്റേയും പരി ശുദ്ധന്മാരുടെയും വിശ്വാസികളായ പരേതരുടേയും ഓർമ്മക്കു വേണ്ടിയും ഞങ്ങൾ തന്നോടപേക്ഷിക്കുന്നു: കുറിയേലായിസോൻ

ഞങ്ങളുടെ മ്ശിഹാതമ്പുരാനേ! ഞങ്ങൾക്കു വേണ്ടിയു ള്ള തവ താഴ്മയിൽ സദൃശയരായിത്തീരുവാനും സകല പാപമാലിന്യത്തിൽ നിന്നും സ്വതന്ത്രരായി സ്വർഗ്ഗത്തിൽ നിന്നുള്ള തൻ്റെ രണ്ടാമത്തെ വരവിങ്കൽതൻ്റെ എതിരേ ല്പിൻ്റ പുറപ്പെടുവാനും അനശ്വര വസ്ത്രങ്ങളോടും സുകൃ തമാകുന്ന മഹനീയ അങ്കികളോടും കൂടെ തൻ്റെ തിര ഞ്ഞെടുക്കപ്പെട്ട സംഘങ്ങളോടൊപ്പം മുഖപ്രസന്നത യോടെ തന്നെ സ്വീകരിക്കുവാനും ഞങ്ങളെ യോഗ്യരാ ക്കണമെ. നാം മൂന്നു പ്രാവശ്യം കുറിയേലായിസോൻ എന്നു ഏറ്റു ചൊല്ലണം:

**കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ**

## LITANY

In voice pleasing to our God, let us all stand well and respond:
Kurieeleison

Oh Lord Meshiha, who while being uncontainable by the heavens, have ridden a young donkey, we beseech You:
Kurieeleison

While climbing over a mute donkey, You didst symbolize the submission of the gentiles, we beseech You:
Kurieeleison

O You, who didst prepare the babbling tongues to earnestly sing praises while their fathers were struck by lack of faith, we beseech You:
Kurieeleison

O You, who wast, like a deceiver, persecuted by the pharisees, and wast like God, glorified by children, we beseech You:
Kurieeleison

O You, who didst prepare perfect and mature praises on the imperfect and immature tongues, we bessech You:
Kurieeleison

O You, who art venerated by the flery hosts with trembling and fear, and wast lovingly and

honestly glorified by children and youths, we beseech You:
Kurieeleison

For the peace and tranquility of the entire world, and for our father the blessed Patriarch Mar Ignathious, Baselios, and Gregorios and our Bishop Mar................... and all the other Orthodox Bishops and for the memory of St.Mary, the Mother of God, and of the saints and all of the faithful departed we beseech You:
Kurieeleison

O Lord Meshiha, let us become identified with Your humility, and set out to receive You at Your second coming from heaven being free from sin, and make us worthy to receive You with indestructible garments and glorious garbs of virtues of face, Let us shout aloud and say three times:
Kurieeleison, Kurieeleison, Kurieeleison

പുരോഹിതൻ വിശുദ്ധ കുബ്ാനയിലെപ്പോലെ കൈകൾ ഉയ ത്തിക്കൊണ്ട് പ്രാത്ഥന
ശുബഹോലോബൊ.....

പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടുലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ കർത്താവേ! കൃപയോടെ ഞങ്ങളുടെ കടങ്ങളെ ക്ഷമിക്കയും ദയാപൂർവ്വം ഞങ്ങളുടെ കുറ്റങ്ങളെ മോചിക്കയും ചെയ്തു തനിക്കുള്ളവരായിത്തീരുവാനും തിരുവിഷ്ടപ്രകാരം തന്നെ പ്രീതിപ്പെടുത്തുവാനും തിരുസന്നിധിയിൽ കരുണ പ്രാപിക്കുവാനും ഞങ്ങൾക്കു കൃപ നൽകണമെ. ഹോശോ..........ആമ്മീൻ

The celebrant lifts up his hands as like H. Qurbana

Celebrant: Shubhaho..

Response: And upon us, weak and sinful, may mercy and compassion come down abundantly in both worlds, forever and ever. Amen.

Celebrant: O Lord, gracIously pardon our offenses and merciful absolve our sins so that I may become Yours, and please You accordingly to Your will and grant us grace to receive compassion in Your holy presence, Father, Son and Holy Spirit now and forever. Amen

## പ്രാർത്ഥന

സ്വർഗ്ഗസേനകളുടെ ദൈവമായ കർത്താവെ! ക്രൂബേന്മാരും സ്രോപ്പേന്മാരും മാലാഖമാരും പ്രധാനമാലാഖമാരും സകല ആത്മീയ ഗണങ്ങളും തന്റെ ദൈവത്വമാകുന്ന ജീവാഗ്നിയുടെ മുമ്പിൽ ഭ്രമിച്ചു വിറക്കുന്നു. അവർ ഭയ

ത്തോടും പരിഭ്രമത്തോടും കൂടെ തന്റെ ശ്രേഷ്ഠതയെ ഇടവിടാതെ വാഴ്ത്തി പുകഴ്ത്തി സ്തുതിക്കുന്നു. താഴെ ഭൂമിയിൽ വെച്ച് ശിശുക്കളാലും കുഞ്ഞുങ്ങളാലും യുവാ

ക്കളാലും പരമാത്ഥികളായ വിശുദ്ധ ശിഷ്യന്മാരാലും ഓശനകളാൽ സ്തുതിച്ചു പുകഴ്ത്തപ്പെടുവാൻ തനിക്കു തിരുവിഷ്ടമുണ്ടായി. ഇപ്പോൾ സുശക്തവും കരുണയും ദയയും നിറഞ്ഞതുമായ തന്റെ കൈനീട്ടി തന്റെ ഇടവകയിലെ ആടുകളേയും ഈ സമയത്തു ഞങ്ങളുടെ മുമ്പാകെ വെച്ചിരിക്കുന്ന ഈ ഓശാനകളേയും ഈ കൊമ്പുകൾ വെട്ടപ്പെട്ട വൃക്ഷങ്ങളേയും അനുഗ്രഹിക്കേണമെ +. ഇവയെ വഹിക്കുന്നവരുടെ അനുഗ്രഹത്തിനു ഇവ പര്യാപ്തമാകണമെ. ഈ ദിവസത്തിൽ ആ ശിശുക്കളെപ്പോലെയും തന്റെ ശിഷ്യന്മാരെപ്പോലെയും ഈ ലോകത്തിൽ വെച്ച് തന്നെ വാഴ്ത്തി പുകഴ്ത്തി സ്തുതിക്കുവാനും പുതിയലോകത്തിൽ സൗഭാഗ്യകരവും അനശ്വരവുമായ ജീവിതത്തിൽ തനിക്കും താൻ മുഖാന്തിരം തന്നോടു കൂടെ തന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും തന്റെ പരിശുദ്ധന്മാരുടെ ഗണങ്ങളോടൊരുമിച്ച് ആന്തരീകമായ ഓശാനകളോടും യോഗ്യമായ കൊമ്പുകളോടും കൂടെ സ്തുതിയും സ്തോത്രവും അപ്പിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമെ.

ഹോശോ......... ആമ്മീൻ

പുരോഹിതൻ: ദൈവമായ കത്താവെ! അനശ്വര വസ്ത്രങ്ങളാൽ പ്രശോഭിതരാകുവാനും മഹത്വകരമായ ആന്തരീക കൊമ്പുകളോടു കൂടെ തന്റെ തിരഞ്ഞെടുക്കപ്പെട്ടവരോടൊരുമിച്ച് സന്തോഷകരവും ആനന്ദകരവുമായ പെരുന്നാൾ തനിക്കായി ആഘോഷിക്കുവാനും അവ

രുടെ കൂട്ടത്തിലും അവരുടെ ഇടയിലും നിന്നുകൊണ്ട് തനിക്കും തന്റെ പിതാവിനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ഹോശോ......... ആമ്മീൻ

# PRAYER

O Lord God of heavenly hosts! The Cherubim, Seraphim, Angels, Archangels and all spiritual groups are trembling before the living fire of Your divinity. They are blessing and praising Your majestly incessantly. You didst will to be glorified by the infants, children, youth and innecent desciples on earth. Now, extend Your strong, merciful and compassionate hand and bless + this sheep of Your parish, and the the palms and branches placed before us and the trees where from they were cut. Let these palms carry blessing to those who wear them. Make us worthy to bless and praise You on this day in this world like the children and Your disciples and to offer praise and thanks to You and through You and with You, Your Father and Your Holy Spirit along with the group of Your saints with spiritual Hosanna and proper branches now and forever. Amen.

പുരോഹിതൻ: **നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.**

Celebrant: Peace be to you all.

പ്രതിവാക്യം: അവിടുത്തെ **ആത്മാവിനും ഉണ്ടായിരിക്കട്ടെ.**
Response: And also to your spirit

ശുശ്രൂഷക്കാരൻ: കാരുണ്യവാനായ കർത്താവിന്റെ

മുമ്പാകെ നാം തല കുനിക്കണം.
Acolytes: Before the merciful Lord, let us bow our heads.

പ്രതിവാക്യം: ഞങ്ങളുടെ കർത്താവും ദൈവവുമേ!
തിരുമുമ്പാ കെ ഞങ്ങൾ തല കുനിക്കുന്നു.
Response: We bow our head before our merciful Lord and God.

പുരോഹിതൻ: തിരു സഭയും തവ അവകാശവും ആത്മശരീരങ്ങളുടെ കഴുത്തുകളെ തിരുമുമ്പാകെ കുനിച്ചിരിക്കുന്നു. തന്റെ ദാസന്മാരും ദാസികളും തന്റെ ബഹുമാന്യതയുടെ ഭയങ്കര സിംഹാസനത്തിൻ മുമ്പാകെ അപേക്ഷകരായി സാഷ്ടാംഗ പ്രണാമം ചെയ്തു വണങ്ങി നിന്ന് സങ്കടപൂർവ്വം തങ്കൽ നിലവിളിച്ചുകൊണ്ട് തങ്ങളുടെ നിയമലംഘനങ്ങൾക്കു തന്റെ കരുണയോട് പരിഹാരം യാചിക്കയും ചെയ്യുന്നു. മനുഷ്യസ്നേഹമുള്ള കർത്താവെ! ഇവരെ വ്യർത്ഥമായി വിട്ടയക്കാതെ ഇവരുടെ മുമ്പിൽ തന്റെ ശ്രീഭണ്ഡാരം തുറന്ന്, ഇവർ മഹനീയമായ ഈ പെരുന്നാളിനെ വിവധനിലകളിൽ ദർശിക്കാക്കാനും ഓശനകളാൽ തന്നെ പുകഴ്ത്തിയ ആ കുട്ടികൾക്കു സഖാക്കളായിത്തീരുവാനും തക്കവണ്ണം ഐശ്യര്യമേറിയ തന്റെ നൽവരങ്ങളാൽ ഇവരെ സന്തോഷിപ്പിക്കണമെ. ഞങ്ങൾ തനിക്കു സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ......

Celebrant: O Lord God, befor You, Your Church and Your inheritance have inclined their spiritual and physical necks. Your servants and

maid-servants prostrate before the honour of Your awe-inspiring throne as supplicants; they are sorrowfully praying for absolution for their transgressions. O Lord of man- kind love, do not leave them empty handed. Make them happy with prosperity and blessings while opening Your treasury for them, so that they will become companions of the children who praised You with Hosanna, and will celebrate this glorious feast continuously. We offer You praise and thanks, now and for ever. Hoso.....

പുരോഹിതൻ: ഈ മനുഷ്യവതാരവ്യാപാരത്തെ പൂർണ്ണമായി ഞങ്ങളുടെ അടുക്കൽ നിർവ്വഹിച്ച ദൈവമായ കർത്താവേ! ഇപ്പോൾ തന്റെ മഹാകരുണയാൽ ഈ കൊമ്പുകളേയും ഇവയെ വെട്ടിയെടുത്ത വൃക്ഷങ്ങളേയും തന്റെകർത്തൃത്വം സൃഷ്ടിച്ചുണ്ടാക്കിയ എല്ലാസസ്യാദികളേയും താൻ അനുഗ്രഹിക്കേണമെ. ✚ ഈ കൊമ്പുകൾ ഇവയെ വഹിക്കുന്നവരുടെ അനുഗ്രഹത്തിനും ഇവയെ ധരിക്കുന്നവരുടെ സംരക്ഷണത്തിനും പര്യാപ്തമായിത്തീരെണമെ. ഇവയെ മഹത്വത്തിന്റെ കൊമ്പുകളും വിശുദ്ധിയുടെ പത്രങ്ങളും നിർമ്മലതയുടെ ഓശാനകളും ആക്കിത്തീർക്കണമെ. ✚ ഹോശോ......

Celebrant: O Lord God! Who fulfill this operation of Your this incarnation among us; now by Your mercy bless + these branches and the tree wherefrom they have been cut, and all

the vegetations created by Your mercy. Let these branches bring blessing to those who all carry them. Make them branches of glory, holy of leaves and purity Hosanna. Hoso.....

ഇവ വിശ്വാസത്തിന്റെ സ്ഥിരതയ്ക്കും ശൈശവത്തിന്റെ അലങ്കാരത്തിനും വാർദ്ധക്യത്തിന്റെ പരിപക്വതയ്ക്കും പള്ളികളുടെ പുകഴ്ചയ്ക്കും ദയറാകളുടെ ശ്രേഷ്ഠതയ്ക്കും ഭവനങ്ങളുടെ അനുഗ്രഹത്തിനും വിശ്വാസികളുടെ നിലനില്പിനും ഉതകുമാറാകണമെ. എന്തെന്നാൽ തനിക്കും വാഴ്ത്തപ്പെട്ടവനായ തന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ഹോശോ......

Make them insure security of faith, decoration of infancy, maturity of advance age, exaltation of the churches, eminence of the monasteries, benediction of homes and perseverance of the faithful. For, praise and honour belong to You, to Your blessed Father and to Your Holy Spirit, now and forever. Hoso..

ഞങ്ങളുടെ ദൈവമെ! താൻ അനുഗ്രഹിക്കപ്പെട്ടവനാ

കുന്നു. ഞങ്ങളുടെ അടുക്കലേക്കുള്ള തന്റെ ആഗമനം അനുഗ്രഹിക്കപ്പെട്ടതാകുന്നു. ഞങ്ങൾക്കു വിളിക്കപ്പെട്ടിരിക്കുന്ന തന്റെ നാമം അനുഗ്രഹീതമാകുന്നു. കർത്താവെ! തന്റെ കൃപയുടെ ആവസത്താൽ ഞങ്ങളേയും വയലുകളേയും സസ്യാദികളേയും ഈ കൊമ്പുകളേയും അ

നുഗ്രഹിക്കണമെ. + ഇവയെ അനുഗ്രഹിക്കപ്പെട്ട കുരുത്തോലകളും ഭവനങ്ങളെ സംരക്ഷിക്കുവാനും സാത്താനെ ഓടിക്കുവാനും പരീക്ഷകളെ ദൂരീകരിക്കുവാനും ശക്തിയുള്ളതും ആക്കിത്തീർക്കണമെ. + ആമ്മീൻ.

O our God, You are blessed. Blessed is Your coming to us. Your name upon us is also blessed. Lord, by the indwelling of Your grace bless + us, our fields, our vegetations and these branches. Make them blessed + palms, that they may be powerful, protect houses, drive away Satan and do away with temption.+ Amen.

ഇവയെ യുദ്ധങ്ങളെ ബഹിഷ്ക്കരിക്കുവാനും ദുഷ്ടവിചാരങ്ങളെ മായിച്ചു കളയുവാനും അപകടങ്ങളെ ദൂരീകരിക്കുവാനും കഴിവുള്ളവയാക്കിത്തീർക്കണമെ. ഇവയെ വഹിക്കുന്നതിനാൽ തന്റെ കരുണയും ദയയും പ്രാപിക്കുവാൻ ഞങ്ങൾക്കു കൃപ നൽകണമെ. തന്റെ പെരുന്നാളിനായി വന്നുകൂടിയിരിക്കുന്ന തന്റെ ജനത്തെ അനുഗ്രഹിക്കണമെ. + തന്റെ മണവറയിൽ പ്രവേശിക്കുവാൻ ഞങ്ങൾ അർഹരായി ഭവിക്കേണമെ. ഞങ്ങൾ തനിക്കും തന്റെ പിതാവിനും പരിശുദ്ധ

റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ.....

To dismantle wars, make them powerful; to get rid of evil thoughts, and do away with dangers. While we carry them, give us Your mercy and

compassion. Bless + this Your congregation of worshippers who reached for Your feast. To enter Your chamber make us worthy. We offer praise and thanks to You, to Your Father and to Your Holy Spirit, now and forever. Hoso....

പുരോഹിതൻ കുരുത്തോലകളുടെ മേൽ കൈ ആവസിപ്പിച്ച്

നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഈ കൊമ്പുകൾ നിത്യ ജീവനു വേണ്ടി പിതാവിന്റേയും + പുത്രന്റേയും + ജീവനുള്ള പരിശുദ്ധ റൂഹായുടേയും + നാമത്തിൽ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ആമ്മീൻ

Celebrant waves the hands upon the palms and say:

In the name of the Father + and of the Son + and of the living Holy Spirit + these branches pleaced before us blessed, for life eternal. **Amen**

സ്വർഗ്ഗീയ സൈന്യങ്ങളുടെ ദൈവവും സകല സൃഷ്ടികളുടേയും സൃഷ്ടാവുമായ കർത്താവെ! സുശക്തമായ തന്റെ കയ്യാലും ബലമേറിയ തന്റെ ഭുജത്താലും ഞങ്ങളെ കാത്തു കൊള്ളണമെ. അഗ്നിമയന്മാരുടെ ശോഭിത

ഗണങ്ങളോടുകൂടെ തന്നെ സ്തുതിക്കുവാനും ശിശുക്കളോടും കുഞ്ഞുങ്ങളോടും ഒരുമിച്ച് ഉന്നതങ്ങളിൽ ഓശാനാ എന്നു ആർത്തു പറയുവാനും ഞങ്ങളെ യോഗ്യരാക്കണമെ. ഹോശോ.....

God of heavenly hosts, Lord who makes all creations, protect us with Your strong arm and

powerful hand. Please make us worthy to praise You with the brilliant group of the fiery and to shout aloud Hosanna in the heights with those children and youths, now and forever. Hoso....

ഹൂത്തോമൊ

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ. ഞങ്ങളുടെ അപേക്ഷകൾ കൈക്കൊള്ളണമെ. ഞങ്ങളുടെ യാചനകൾക്കു മറുപടി നൽകണമെ. ഞങ്ങളുടെ സഹായത്തിനു വന്നു ചേരേണമെ. ഞങ്ങളുടെ കർത്താവും എന്നേയ്ക്കും ഞങ്ങളുടെ ദൈവവുമേ! രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണ ചെയ്യണമെ. മോറാൻവാലോഹാൻ

## HUTOMO

Our Lord, Jesus Christ! Kindly listen our prayers. Please accept our petitions. Answer our requests and come to our help. Have mercy on us in both worlds, our Lord and eternal God, forever and ever. Moranvalohan.......

പുരോഹിതൻ സ്ലീബായും കുരുത്തോലയും കയ്യിലെടുത്തു
കൊണ്ട് ബീമായിലൊ മദ്ബഹായിലൊ നിന്നു കൊണ്ട്
ആഘോഷം നടത്തുന്നു
(കിഴക്കോട്ടു തിരിഞ്ഞു കൊണ്ട്)

പുരോഹിതൻ: ദൂതന്മാർ സേ-വിപ്പോനേ!
പ്രതിവാക്യം: ഈശാ! നീ പരിശുദ്ധൻ

പുരോഹിതൻ: ക്രോബേന്മാർ വാഴ്ത്തുന്നോനേ!
പ്രതിവാക്യം: ശക്താ നീ പരിശുദ്ധൻ

പുരോഹിതൻ: സ്രാപ്പികൾ കാദീ-ശാപ്പോനേ!
പ്രതിവാക്യം: മൃതിഹീനാ നീ പരിശുദ്ധൻ

പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു.
ദാവീദാത്മജനൂശാനാ! കൃപയടിയാരിൽ ചെയ്യണമേ.

**EXALTATION OF THE CROSS**
(The cross is made out of the palms)

**THE HAUD' MALACHE**
(Turning to the east)

Celebrant: He Whom the angels minister
Response: Holy art Thou O God

Celebrant: He Whom the cherubim bless
Response: Holy art Thou Almighty

Celebrant: He Whom the seraphim sanctify
Response: Holy art Thou Immortal

Celebrant: Sinners, with repentance entreat

saying:

Response: Hosanna to the Son of David have mercy on us.

(പടിഞ്ഞാറോട്ടു തിരിഞ്ഞു കൊണ്ട്)

പുരോഹിതൻ: തീമയർ ഹാലൽ-ചൊൽവോനേ!
പ്രതിവാക്യം: ഈശാ! നീ പരിശുദ്ധൻ

പുരോഹിതൻ: ആത്മിയർ ശ്ലാ-ഘിപ്പോനേ!
പ്രതിവാക്യം: ശക്താ നീ പരിശുദ്ധൻ

പുരോഹിതൻ: മണ്മയരാഘോ-ഷിപ്പോനേ!
പ്രതിവാക്യം: മൃതിഹീനാ നീ പരിശുദ്ധൻ

വിശ്വാസിനിയാം തിരുസഭതൻ സുതരത്ഥിക്കുന്നു
ദാവീദാത്മജനൂശാനാ! കൃപയടിയാരിൽ ചെയ്യണമേ.

(Turning to the west)

Celebrant: He Whom the fiery hosts praise
Response: Holy art Thou O God

Celebrant: He Whom the spirutual beings magnify
Response: Holy art Thou Almighty

Celebrant: He Whom the mortals worship
Response: Holy art Thou Immortal

Celebrant: The children of the faithful Church

entreat saying:

Response: Hosanna to the Son of David have mercy on us.

(വടക്കോട്ടു തിരിഞ്ഞു കൊണ്ട്)

പുരോഹിതൻ: മേലുള്ളോർ മാ-നിപ്പോനേ!
പ്രതിവാക്യം: ഈശാ! നീ പരിശുദ്ധൻ

പുരോഹിതൻ: മദ്ധ്യമർ കീർത്തിക്കുന്നോനേ!
പ്രതിവാക്യം: ശക്താ നീ പരിശുദ്ധൻ

പുരോഹിതൻ: കീഴുള്ളോർ കൂപ്പുന്നോനേ!
പ്രതിവാക്യം: മൃതിഹീനാ നീ പരിശുദ്ധൻ

പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു.
ദാവീദാത്മജനൂശാനാ! കൃപയടിയാരിൽ ചെയ്യണമേ.

(Turning to the North)

Celebrant: He Whom the heavenly beings glorify

Response: Holy art Thou O God

Celebrant: He Whom those between exalt

Response: Holy art Thou Almighty

Celebrant: He Whom the earthly beings below glorify

Response: Holy art Thou Immortal

Celebrant: Sinners with repentance, entreat saying:

Response: Hosanna to the Son of David have mercy on us.

(തെക്കോട്ടു തിരിഞ്ഞു കൊണ്ട്)

പുരോഹിതൻ: നാഥാ! കൃപചെയ്തീടേണം.

പ്രതിവാക്യം: നാഥാ! കൃപ ചെയ്യുക കനിവാൽ

പുരോഹിതൻ: നാഥാ കർമ്മാത്ഥനകളെ നീ കൈക്കൊണ്ടും കൃപ ചെയ്തീടേണം

പ്രതിവാക്യം: ദേവേശാ! തേ സ്തോത്രം

പുരോഹിതൻ: സൃഷ്ടാവേ തേ! സ്തോത്രം

പ്രതിവാക്യം: പാപികളാം ദാസരിലലിയും മ്ശിഹാ രാജാവേ! സ്തോത്രം. ബാറെക്മോർ

(Turning to the south)

Celebrant: Lord, have mercy upon us

Response: Lord, be kind and have mercy

Celebrant: Lord, accept thou our office, and our entreaties have mercy on us

Response: Glory be to thee, O God

Celebrant: Glory be to thee, O Creator

Response: Glory be to thee, O Christ the King who dost pity sinners they servants, Barekmore.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! തിരുനാമം പരി

ശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരു വിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്ക തരേണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളുംദോഷങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദോഷത്തിൽ നിന്നും ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ. എന്തുകൊണ്ടെന്നാ

ൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

Our Father, who art in heaven, Hallowed be Thy name, Thy kingdom come, Thy will be done on earth, as it is in heaven. Give us this day our daily bread and forgive us our debts and sins, as we have forgiven our debtors. Lead us not into temptation; but deliver us from the evil one. For Thine is the kingdom, the power, and the glory, for ever and ever. Amen

കൃപ നിറഞ്ഞ മാതാവേ, തനിക്കു സമാധാനം. നമ്മുടെ കർത്താവ് തന്നോടു കൂടെ, താൻ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; തന്റെ വയറ്റിൽ ഫലമായ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യകമർത്ത്മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പുരാനോട് അപേക്ഷിച്ചു കൊള്ളണമെ. ആമ്മീൻ.

Hail Mary, full of grace,Our Lord is with you, blessed are you among women, and blessed is the fruit of your womb, our Lord Jesus Christ. O! Virgin St. Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amen.